# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## മാറഞ്ചേരി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

മലപ്പുറം-676505

ഇ-മെയിൽ: dompm.ksad@kerala.gov.in

ഫോൺ : 0483-2734951

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെഎസ്.എ.എം.പി.എം 24/2785/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 26/12/2023
ഇ-മെയിൽ:
dompm.ksad@kerala.gov.in
ഫോൺ: 0483-2734951

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മാറഞ്ചേരി ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : മാറഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മാറഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെഎസ്.എ.എം.പി.എം 24/2785/2023 തീയ്യതി: 26/12/2023

## മലപ്പുറം ജില്ലയിലെ മാറഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

**(1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4))** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ മാറഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 16-01-2023 മുതൽ 06-12-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 30 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 15 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. ചിത്രലേഖ. കെ. കെ, കെ.എ.എസ് | ഡെപ്യൂട്ടി ഡയറക്ടർ | 07-12-2023 | 15-12-2023 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 07-12-2023 | 15-12-2023 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീ.അബ്ദുൾ റഷീദ്.എം.പി, ഓഡിറ്റ് ഓഫീസർ

ശ്രീ.മുഹമ്മദ് ഫാറൂഖ്.കെ.പി,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീ.ഷജീർ.കെ.സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീമതി.സുജിത.പി.കെ,ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.സമീറ എളയേടത്ത് | പ്രസിഡന്റ് | 01-04-2022 | 31-03-2023 |

| | | | |
|---|---|---|---|
| ശ്രീമതി.സവിത ചന്ദ്രൻ .എൽ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-04-2022 | 19-04-2022 |
| ശ്രീ. അനിൽ കുമാർ എം പി | സെക്രട്ടറി | 20-04-2022 | 11-07-2022 |
| ശ്രീമതി.സവിത ചന്ദ്രൻ .എൽ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 12-07-2022 | 25-07-2022 |
| ശ്രീ. അനിൽ കുമാർ എം പി | സെക്രട്ടറി | 26-07-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.മഞ്ജു.പി.എസ് | കൃഷി ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീ.ഷിദി.എൻ.പി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2022 | 12-10-2022 |
| ശ്രീ. ഷാജഹാൻ | അസിസ്റ്റന്റ് എഞ്ചിനീയർ | 13-10-2022 | 31-03-2023 |
| ഡോ. ഷൻഫിയത്ത്.സി.വി | മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി) | 01-04-2022 | 30-04-2022 |
| ഡോ. രാജലക്ഷമി | മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി) | 01-05-2022 | 31-03-2023 |
| ഡോ.അനൂബ്.വി.എ | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2022 | 31-03-2023 |
| ഡോ.നഹീൽ.സി.എം | വെറ്ററിനറി സർജൻ | 01-04-2022 | 31-03-2023 |
| ശ്രീമതി. സൈഫുന്നിസ.പി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2022 | 31-08-2022 |
| ശ്രീമതി. നസീഹ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-09-2022 | 31-03-2023 |
| ശ്രീമതി. ഷിഫ എൻ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 09-01-2023 |
| ശ്രീമതി. അനിഷ്ക കെ എസ് | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 10-01-2023 | 31-03-2023 |
| ശ്രീ.സുലൈമാൻ.എ.എ | ഫിഷറീസ് ഇൻസ്പെക്ടർ | 01-04-2022 | 31-03-2023 |
| ശ്രീമതി.ലിസ.സി.എ | ഹെഡ്മിസ്ട്രസ് | 01-04-2022 | 31-03-2023 |
| ശ്രീമതി.സവിത ചന്ദ്രൻ .എൽ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 14-10-2022 |
| ശ്രീ. സുധീർ ഡി | അസിസ്റ്റന്റ് സെക്രട്ടറി | 15-10-2022 | 31-03-2023 |
| ശ്രീ. ശശിധരൻ റ്റി ബി | വി.ഇ.ഒ | 01-04-2022 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല | 1-1-1 |
| 3 | ക്യാഷ് ഫ്ലോ പത്രികയിലെ തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല | 1-1-2 |
| 4 | സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല | 1-1-3 |
| 5 | കാലഹരണപ്പെട്ട ചെക്കുകൾ Stale Cheque എന്ന ശീർഷകത്തിലേക്ക് മാറ്റിയിട്ടില്ല. | 1-1-4 |
| 6 | തുക ക്രമീകരിച്ചിട്ടില്ല | 1-1-5 |
| 7 | ബാങ്കിൽ നിക്ഷേപിച്ച ചെക്ക് തുകകൾ നാളിതു വരെ ക്രെഡിറ്റ് ആയില്ല | 1-1-6 |
| 8 | രജിസ്റ്ററുകൾ ഓഡിറ്റിൽ കൃത്യത സാക്ഷ്യപ്പെടുത്താവുന്ന രീതിയിൽ സൂക്ഷിക്കുന്നില്ല. | 1-1-7 |
| 9 | വസ്തു നികുതി ഡിമാന്റ്, കളക്ഷൻ,ബാലൻസ് വാർഷികകണക്കുമായി പൊരുത്തപ്പെടുന്നില്ല. | 1-1-8 |
| 10 | ഗുണഭോക്തൃ വിഹിതമിനത്തിൽ ചെലവഴിക്കാൻ അവശേഷിക്കുന്ന തുകയുടെ വ്യത്യാസം | 1-1-9 |
| 11 | ബജറ്റ് | 1-2 |
| 12 | സാമ്പത്തിക വിശകലനം | 1-3 |
| 13 | ഫണ്ട് വിനിയോഗം | 1-4 |
| 14 | പദ്ധതി അവലോകനം | 1-5 |
| 15 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 16 | ക്ഷേമ പെൻഷൻ | 1-7 |
| 17 | ക്യാഷ് പരിശോധന | 1-8 |
| 18 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 19 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 20 | തനത് വരുമാനം സംബന്ധിച്ച അവലോകനം | 1-11 |
| 21 | നിക്ഷേപ പ്രവൃത്തികളിൽ ക്രമീകരിക്കാൻ അവശേഷിക്കുന്ന മുൻകൂറുകൾ -വിവരങ്ങൾലഭ്യമാക്കേണ്ടതാണ്. | 1-12 |
| 22 | തൊഴിൽ നികുതി റിട്ടേൺ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല | 1-13 |
| 23 | വസ്തുനികുതി നിർണ്ണയത്തിലെ അപാകത - കുടിശ്ശിക അടവാക്കിയിട്ടില്ല | 1-14 |
| 24 | ഡ്രൈനേജ് മണ്ണ് നീക്കൽ - ഉയർന്ന നിരക്ക് നല്കി | 1-15 |
| 25 | സാമൂഹ്യ സുരക്ഷാ പെൻഷൻ - മരണപ്പെട്ടവരെ ഗുണഭോക്തൃ ലിസ്റ്റിൽ നിന്നും സമയബന്ധിതമായി ഒഴിവാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടില്ല | 1-16 |
| 26 | സാമൂഹ്യ സുരക്ഷാ പെൻഷൻ - മരണ രജിസ്ട്രേഷനു ശേഷവും വിതരണം നടത്തി | 1-17 |
| 27 | IKM വിഹിതം - കൈപ്പറ്റ് രശീതി പരിശോധനക്ക് ഹാജരാക്കിയില്ല | 1-18 |
| 28 | ദുരിതാശ്വാസ നിധി - രേഖകളും രജിസ്ററുകളും പരിശോധനക്ക് ഹാജരാക്കിയില്ല | 1-19 |
| 29 | ബയോഡൈജസ്റ്റർ ബിൻ - 3 എണ്ണം വിതരണം ചെയ്തില്ല. | 1-20 |
| 30 | അക്കൗണ്ട് നമ്പർ മാറി സബ്സിഡി തുക നൽകി | 1-21 |
| 31 | ലൈഫ് ഭവന പദ്ധതി- അഡ്വാൻസ് തുക മാത്രം കൈപ്പറ്റിയ ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം- പുരോഗതി വിവരം ലഭ്യമല്ല. | 1-22 |
| 32 | ക്രാഷ് കാർട്ട് - അധികം നൽകിയ 1561 രൂപ തിരികെ ഈടാക്കിയില്ല. | 1-23 |
| 33 | അഡ്വാൻസ് നൽകിയ തുകക്കുള്ള മരുന്ന് ഇനിയും ലഭ്യമാവാനവശേഷിക്കുന്നു. | 1-24 |
| 34 | പ്രിന്റർ &സ്കാനർ വാങ്ങിയ രേഖകൾ ഹാജരാക്കിയിട്ടില്ല. | 1-25 |
| 35 | KSEBയിൽ നിക്ഷേപിച്ച തുക – വിനിയോഗ സാക്ഷ്യ പത്രം ലഭ്യമാക്കേണ്ടതാണ് | 1-26 |
| 36 | പട്ടിക ജാതി വിഭാഗത്തിൽ പെട്ട വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് വിതരണം- അർഹത ഉറപ്പുവരുത്താതെ നൽകിയ ധനസഹായം തടസ്സപ്പെടുത്തുന്നു. | 1-27 |

| | | |
|---|---|---|
| 37 | 2022-23 സാമ്പത്തിക വർഷത്തിൽ സെക്രട്ടറിയുടെ പ്രൊജക്റ്റ് നിർവഹണം, തനത് ഫണ്ടിൽ നിന്നുള്ള ചെലവുകൾ - രേഖകൾ ഹാജരാക്കിയില്ല ചെലവു തുക തടസ്സപ്പെടുത്തുന്നു. | 1-28 |
| 38 | പൊതു ടാപ്പുകളുടെ വെള്ളക്കരം-ഉപയോഗശൂന്യമായ പൊതുടാപ്പുകൾ നീക്കം ചെയ്യാനുള്ള നടപടി ത്വരിതപ്പെടുത്തണം | 1-29 |
| 39 | സെക്രട്ടറി നിർവഹണം നടത്തിയ എസ്.എസ്.കെ വിഹിതം-സർക്കാർ നിർദേശം പാലിച്ചില്ല | 1-30 |
| 40 | അഗതി രഹിത കേരളം - ചെലവു രേഖകൾ പരിശോധനക്ക് ഹാജരാക്കിയില്ല | 1-31 |
| 41 | തെളിനീരൊഴുകും നവ കേരളം - സബ്സിഡി മാർഗ്ഗരേഖയിലുൾപ്പെടാത്ത പ്രൊജക്റ്റ് നടപ്പാക്കി. | 1-32 |
| 42 | അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിലുള്ള അക്കൗണ്ടിലെ നീക്കിയിരിപ്പ് കണക്കിൽ ഉൾപെടുത്തിയില്ല. | 1-33 |
| 43 | ഇ ടെണ്ടർ പ്രവൃത്തികളുടെ ടെണ്ടർ ഫീ വിവരം ലഭ്യമാക്കിയില്ല | 1-34 |
| 44 | അസിസ്റ്റന്റ് എഞ്ചിനീയറുടെ ക്യാഷ്ബുക്ക് സൂക്ഷിപ്പിൽ അപാകത | 1-35 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | പട്ടിക ജാതി വിഭാഗത്തിൽ പെട്ട വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് വിതരണം- അർഹതയില്ലാത്ത ഗുണഭോക്താവിന് നൽകിയ തുക –25000 രൂപ നിരാകരിക്കുന്നു. | 3-1 |
| 2 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 3 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 4 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 5 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 6 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 7 | സ്ഥിര നിക്ഷേപം | 4-6 |
| 8 | ഓഡിറ്റ് റിക്കവറി | 4-7 |
| 9 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-8 |
| 10 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 11 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 12 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1&11.3, സംസ്ഥാന ഗവൺമെന്റ്/കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 2(1)/29.07.2023 കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 29.07.2023 തീയതിയിൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള മാറഞ്ചേരി ഗ്രാമ പഞ്ചായത്തിന്റെ മാർച്ച് 2023ന് അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, മാറഞ്ചേരി ഗ്രാമ പഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

മലപ്പുറം
തീയതി : 26-12-2023

### 1-1-1 എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല

2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 62(2)(ഇ) പ്രകാരമുള്ള കുറിപ്പുകൾ, 62(2)(എഫ്) പ്രകാരമുള്ള അനുപാതങ്ങൾ, 62(3) പ്രകാരമുള്ള മുൻവർഷ താരതമ്യ തുകകൾ എന്നീ പത്രികകൾ വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

### 1-1-2 ക്യാഷ് ഫ്ലോ പത്രികയിലെ തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല

ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോ -20111762/-രൂപയും, ക്യാഷ് ഫ്ലോ പത്രികയിലെ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസം 4824613/- രൂപയുമാണ്. എന്നാൽ ഇവ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

### 1-1-3 സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല

അക്രൂവൽ അടിസ്ഥാനത്തിലുള്ള വരവുകൾക്ക് വർഷാരംഭത്തിലും തുടർന്ന് എല്ലാ മാസവും ഡിമാന്റ് എൻട്രി നടത്താതെ 31.03.2023 തീയ്യതിയിൽ മാത്രമാണ് ഡിമാന്റ് എൻട്രി വരുത്തിയിട്ടുള്ളത്.

## 1-1-4 കാലഹരണപ്പെട്ട ചെക്കുകൾ Stale Cheque എന്ന ശീർഷകത്തിലേക്ക് മാറ്റിയിട്ടില്ല.

ഫെഡറൽ ബാങ്ക് - E Payment ന്റെ (A/C N0:17060200000805) റീ കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരം സ്ഥാപനം ഇഷ്യൂ ചെയ്ത 3 മാസത്തിൽ കൂടുതലായ ചെക്കുകൾ (Ch No.37086/29.04.22-15170, 23.04.22 – 2,500, 06.09.22-109500, 26.04.2022-1000രൂപ) Stale Cheque എന്ന ശീർഷകത്തിലേക്ക് മാറ്റിയിട്ടില്ല.

## 1-1-5 തുക ക്രമീകരിച്ചിട്ടില്ല

ഫെഡറൽ ബാങ്ക് - E Payment ന്റെ (A/C N0:17060200000805) റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റിലെ 29.04.2022 ൽ Directly Debited By Bank ആയി ആയി ചേർത്ത 19298/- രൂപ നാളിതു വരെയായിട്ടും ക്രമീകരിച്ചിട്ടില്ല.

## 1-1-6 ബാങ്കിൽ നിക്ഷേപിച്ച ചെക്ക് തുകകൾ നാളിതു വരെ ക്രെഡിറ്റ് ആയില്ല

1. മാറഞ്ചേരി സർവ്വീസ് കോപറേറ്റീവ് ബാങ്കിന്റെ (A/C N0:4080) റീ കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരം ചെക്ക് ഡെപ്പോസിറ്റഡ് ബട്ട് നോട്ട് ക്ലിയേർഡ് ഇനത്തിൽ 31.03.2012 മുതലുള്ള 58316/- രൂപ കാണുന്നു. ചെക്കുകൾ നാളിതു വരെയായിട്ടും ക്ലിയർ ചെയ്യാത്തതായി കാണുന്നു.
2. സബ് ട്രഷറി , പൊന്നാനിയുടെ(A/C N0:799013000000366) റീ കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരം ചെക്ക് ഡെപ്പോസിറ്റഡ് ബട്ട് നോട്ട് ക്ലിയേർഡ് ഇനത്തിൽ 24.09.2022 മുതലുള്ള 27500/- രൂപ കാണുന്നു. ചെക്കുകൾ നാളിതു വരെയായിട്ടും ക്ലിയർ ചെയ്യാത്തതായി കാണുന്നു.

## 1-1-7 രജിസ്റ്ററുകൾ ഓഡിറ്റിൽ കൃത്യത സാക്ഷ്യപ്പെടുത്താവുന്ന രീതിയിൽ സൂക്ഷിക്കുന്നില്ല.

1.ഡെപ്പോസിറ്റ് രജിസ്റ്റർ പ്രകാരം താഴെ ചേർത്തിരിക്കുന്ന ഹെഡുകളിലെ ബാലൻസ് തുകയും വാർഷിക കണക്കിലെ (B-7) തുകയും പൊരുത്തപ്പെടുന്നില്ല.

| | ഡെപ്പോസിറ്റ് രജിസ്റ്റർ | വാർഷിക കണക്ക് |
|---|---|---|
| Suppliers Earnest Money Deposit | 45750 | 11950 |
| Other Deposit | രേഖപ്പെടുത്തിയിട്ടില്ല | 450000 |

2. അഡ്വാൻസ് രജിസ്റ്റർ പ്രകാരം താഴെ ചേർത്തിരിക്കുന്ന ഹെഡുകളിലെ ക്രമീകരിക്കാനുള്ള തുകയും വാർഷിക കണക്കിലെ (B-18) തുകയും പൊരുത്തപ്പെടുന്നില്ല.

| | അഡ്വാൻസ് രജിസ്റ്റർ | വാർഷിക കണക്ക് |
|---|---|---|
| Other Advances | രേഖപ്പെടുത്തിയിട്ടില്ല | 39500 |
| Advnce To Other Authorised Agencies | രേഖപ്പെടുത്തിയിട്ടില്ല | 14919 |
| Advnce To Other Accredited Agencies | രേഖപ്പെടുത്തിയിട്ടില്ല | 60130 |
| Advnce To Implementing Agencies - KSEB | 114420 | 1537151 |

3. തൊഴിൽ നികുതി രജിസ്റ്റർ, ലൈസൻസ് രജിസ്റ്റർ എന്നിവയിൽ സംഗ്രഹം രേഖപ്പെടുത്താത്തതിനാൽ ഇത് സംബന്ധിച്ച വാർഷിക കണക്കിലെ വിവരങ്ങളുമായി പൊരുത്തപ്പെടുന്നുണ്ടോയെന്ന് പരിശോധിക്കാൻ സാധിക്കുന്നില്ല. ILGMS പ്രകാരം രജിസ്റ്ററുകൾ ആവശ്യമില്ലെന്ന ധാരണയിലാണ് രജിസ്റ്റർ കാലികമാക്കാത്തത് എന്ന മറുപടിയാണ് ലഭിച്ചിട്ടുള്ളത്. രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കേണ്ടതാണ്.

## 1-1-8 വസ്തു നികുതി ഡിമാന്റ്, കളക്ഷൻ,ബാലൻസ് വാർഷികകണക്കുമായി പൊരുത്തപ്പെടുന്നില്ല.

ലഭ്യമാക്കിയ സഞ്ചയ ഡി.സി.ബി പത്രിക പ്രകാരമുള്ള വസ്തു നികുതി ഡിമാന്റ്, കളക്ഷൻ,ബാലൻസ് വാർഷികകണക്കുമായി പൊരുത്തപ്പെടുന്നില്ല.

| | ഡിമാന്റ് | | കളക്ഷൻ | | ബാലൻസ് | |
|---|---|---|---|---|---|---|
| | അരിയർ | തന്നാണ്ട് | അരിയർ | തന്നാണ്ട് | അരിയർ | തന്നാണ്ട് |

| | | | | | | | |
|---|---|---|---|---|---|---|---|
| സഞ്ചയ ഡി.സി.ബി | പാർപ്പിടം | 59575 | 2838487 | 59205 | 2582606+ *20158 = 2602764 | 401 | 247321 |
| | പാർപ്പിടേതരം | 952426 | 3070853 | 58189 | 2874481+* 5970= 2880451 | 894250 | 190957 |
| വാർഷിക കണക്ക് | പാർപ്പിടം | 7173 | 2838487 | 59575 | 2570869 + *20158 = 2591027 | 0 | 260590 |
| | പാർപ്പിടേതരം | 969535 | 3070853 | 152426 | 2780299+* 5970= 2786269 | 0 | 1138919 |
| * ബുക്ക് അഡ്ജസ്റ്റ്മെന്റ് തുക | | | | | | | |

## 1-1-9 ഗുണഭോക്തൃ വിഹിതമിനത്തിൽ ചെലവഴിക്കാൻ അവശേഷിക്കുന്ന തുകയുടെ വ്യത്യാസം

RP 30 പ്രകാരം ഗുണഭോക്തൃ വിഹിതമിനത്തിൽ 2022-23 സാമ്പത്തിക വർഷത്തിൽ 653034 രൂപയാണ് വരവ്. I-6 ഷെഡ്യൂൾ പ്രകാരം ചെലവഴിച്ച തുക 555168 രൂപയാണ്. ഇതു പ്രകാരം 97866 രൂപ മാത്രമാണ് ചെലവഴിക്കാൻ അവശേഷിക്കുന്നത്. എന്നാൽ വാർഷിക കണക്കിലെ B4-ഷെഡ്യൂൾ പ്രകാരം ഇത് 811604 രൂപയാണ്.

## 1-2 ബജറ്റ്

| 2022-23 ലെ ബജറ്റ് പാസ്സാക്കിയ തീരുമാന നം./തിയ്യതി | പുതുക്കിയ തീരുമാന നം./തിയ്യതി |
|---|---|
| 1/ തീയതി-26.03.2022 | 3(1)/ തീയതി-07.02.23 |

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 17450948 |
| വരവ് | 178240665 |
| ആകെ | 195691613 |
| ചെലവ് | 173416052 |
| നീക്കിയിരിപ്പ് | 22275561 |

കുറിപ്പ് :- വാർഷിക കണക്ക് റസീപ്റ്റ് ആന്റ് പേയ്മെന്റ് പത്രികയിലെ വരവ് ചെലവ് തുകകളോടൊപ്പം, ഈ പത്രികയിൽ ഉൾപ്പെട്ടിട്ടില്ലാത്ത വിവിധ ഗ്രാന്റ് ഇനങ്ങളുടെ ട്രഷറി മുഖേനയുള്ള തുകകൾ, സേവന പെൻഷൻ ഇനങ്ങളിലെ തുകകൾ, തൊഴിലുറപ്പ് പദ്ധതിയുടെ EFMS തുക എന്നിവ കൂടി ഉൾപ്പെടുത്തിയാണ് വിവരം ചേർത്തിട്ടുള്ളത്.

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 21555285 | 21555285 | 21255285 | 300000 |
| വികസനഫണ്ട് (എസ്.സി.പി.) | 0 | 3429664 | 3429664 | 3350343 | 79321 |
| സംരക്ഷണഗ്രാന്റ് (റോഡ്) | 0 | 9399000 | 9399000 | 0 | 9399000 |
| സംരക്ഷണഗ്രാന്റ് (റോഡിതരം) | 0 | 6230000 | 6230000 | 3707529 | 2522471 |
| കേന്ദ്ര ധനകാര്യ കമ്മീഷൻ | 0 | 6207143 | 6207143 | 5318956 | 888187 |

| | | | | | |
|---|---|---|---|---|---|
| ഗ്രാന്റ്(ടൈഡ്) | | | | | |
| കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ്(അൺ ടൈഡ്) | 0 | 3974206 | 3974206 | 1553750 | 2420456 |
| ബി ഫണ്ട് | 0 | 62998480 | 62998480 | 62998480 | 0 |

**കുറിപ്പ്-താഴെപ്പറയുന്ന ഫണ്ടുകളുടെ വിനിയോഗം സംബന്ധിച്ച എ.സി.ആർ ലെ വിവരങ്ങൾ വാർഷികകണക്കുമായി പൊരുത്തപ്പെടുന്നില്ല.**

| | ACR | AFS |
|---|---|---|
| വികസന ഫണ്ട് - ജനറൽ | 24837000 | 24770086 |
| വികസന ഫണ്ട് - എസ് സി പി | 4177679 | 4062056 |
| MG - NR | 3707529 | 3367978 |

## 1-5 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | ചെലവഴിച്ച തുക | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തത് (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 172 | 189140529 | 107 | 61798844 | 0 | 65 | 62.20 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 125 | 1067392 | 1067517 | 536908 | 530609 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് (കാപ്പിറ്റൽ വർക്കിനുള്ള ചെലവുൾപ്പെടെ) | 0 | 23507393 | 23507393 | 23507393 | 0 |

## 1-7 ക്ഷേമ പെൻഷൻ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 13680 | 31 |
| കർഷകതൊഴിലാളി പെൻഷൻ | 4017000 | 312 |
| വിധവാ പെൻഷൻ | 16037600 | 1396 |
| വാർദ്ധക്യകാലപെൻഷൻ | 36507000 | 3241 |
| വികലാംഗപെൻഷൻ | 5577600 | 472 |
| വിവാഹ ധനസഹായം | 180000 | 6 |
| 50 വയസ്സിനു മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 665600 | 58 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 12-12-2023ന് 3.30 Pm ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 147031/-

രൂപയുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ കാര്യക്ഷമമാണെങ്കിലും രജിസ്റ്ററുകളുടെ സൂക്ഷിപ്പിൽ ഉൾപ്പെടെ ചില അപാകതകൾ ഓഡിറ്റ് നിരീക്ഷിച്ചു.

1.മാസ്റ്റർ ഇൻക്യുമ്പൻസി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കുന്നില്ല.

2. നിർവ്വഹണ ഉദ്യോഗസ്ഥരുടെ ബാങ്ക് നീക്കിയിരിപ്പ് വിവരങ്ങൾ പരിശോധിച്ച് ഗ്രാമപഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടവ അടവാക്കുന്നതിനോ വാർഷികകണക്കിലെ നീക്കിയിരിപ്പിൽ ഉൾപ്പെടുത്തുന്നതിനോ നടപടികൾ സ്വീകരിച്ചിട്ടില്ല.അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിലുള്ള അക്കൗണ്ടിൽ വൻതുക നീക്കിയിരിപ്പുണ്ടെങ്കിലും ഇത് കണക്കുകളിൽ ഉൾപ്പെടുത്തിയിട്ടില്ല. ഇക്കാര്യത്തിൽ ഓഡിറ്റ് നിർദ്ദേശം പാലിക്കുന്നില്ല.

3.ഗ്രാമപഞ്ചായത്ത് ഔദ്യോഗിക വാഹനത്തിന്റെ (KL54A3216) ലോഗ്ബുക്കിൽ ഓഡിറ്റ് വർഷത്തെ പല ദിവസങ്ങളിലും യാത്രചെയ്യുന്നവരുടെ വിവരമോ അതാത് ദിവസം നിയന്ത്രണാധികാരിയുടെ ഒപ്പോ രേഖപ്പെടുത്തുന്നില്ല.

അപാകതകൾ ഇല്ലാതിരിക്കാൻ കാര്യക്ഷമമായ മേൽനോട്ടം ഉറപ്പു വരുത്തേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തിയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തിയ്യതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 22-12-2022 | 01-08-2022 മുതൽ 30-11-2022 | ലഭ്യമല്ല |
| എ.ജി ഓഡിറ്റ് | 18.03.2011 | 2009-2010 | 27.04.2011 |

## 1-11 തനത് വരുമാനം സംബന്ധിച്ച അവലോകനം

ആറാം സംസ്ഥാന ധനകാര്യകമ്മീഷന്റെ രണ്ടാമത് റിപ്പോർട്ടിലെ നിർദ്ദേശ പ്രകാരവും, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 11.07.2023ലെ ഡി.കെ.എസ്.എ.3683/എസ്.എസ്.3/2019 നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ചും തനതു വരുമാനം വർദ്ധിപ്പിക്കുന്നതിനായി മാറഞ്ചേരി ഗ്രാമപഞ്ചായത്ത് സ്വീകരിച്ചിട്ടുള്ള നടപടികളും ആയതിന്റെ പുരോഗതിയും പരിശോധിച്ച് തയ്യാറാക്കിയ അവലോകനം.

### ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രവർത്തനം

ഓഡിറ്റ് വർഷത്തിൽ 16 തവണ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി യോഗം ചേർന്നിട്ടുണ്ട്. വരവ് ചെലവ് കണക്ക് അംഗീകാരം, വേക്കൻസി റെമിഷൻ, പൊളിച്ചുകളയുന്ന കെട്ടിടങ്ങളുടെ നികുതി ഒഴിവാക്കൽ, വിമുക്തഭടന്മാരുടെ വാസഗൃഹങ്ങൾക്ക് നികുതി ഒഴിവാക്കൽ, 60 M2 താഴെയുള്ള കെട്ടിടങ്ങളുടെ നികുതി ഒഴിവാക്കൽ, ബജറ്റ് ഭേദഗതി അംഗീകാരം, നികുതികുടിശ്ശിക പിരിച്ചെടുക്കുന്നതിനുള്ള പ്രവ്യത്തനങ്ങൾ ഊർജ്ജിതമാക്കൽ എന്നിവയാണ് പ്രധാന അജണ്ടയായി ചർച്ച ചെയ്തിട്ടുള്ളത്. പുതിയ തനത് വരുമാന മേഖലകൾ സംബന്ധിച്ച നിർദ്ദേശങ്ങൾ കമ്മിറ്റിയിൽ അവതരിപ്പിച്ചിട്ടില്ല.

ഗ്രാമപഞ്ചായത്തിന്റെ സാമ്പത്തിക മാനേജ്മെന്റിന്റെ ക്രമമായ പുരോഗതിക്കായി കൃത്യമായ ഇടവേളകളിൽ നികുതിവരുമാനത്തിന്റെ പിരിച്ചെടുക്കൽ വിലയിരുത്തി ഉദ്യോഗസ്ഥർക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതിനും പഞ്ചായത്തിന് പിരിഞ്ഞുകിട്ടേണ്ടതായ തുകകൾ പൂർണ്ണമായും പിരിച്ചെടുത്തുവെന്ന് ഉറപ്പു വരുത്തുന്നതിനും ധനകാര്യസ്റ്റാന്റിംഗ്കമ്മറ്റി ശ്രദ്ധ പുലർത്തേണ്ടതാണ്.

### ബജറ്റ്

ഗ്രാമ പഞ്ചായത്തിന്റെ മൊത്തം വരവ് - ചെലവ് കണക്കുകളാണ് ബജറ്റിൽ പ്രതിഫലിക്കേണ്ടത്. ഗ്രാമ പഞ്ചായത്തിന്റെ സാമ്പത്തിക സ്ഥിതിയെപ്പറ്റി കൃത്യമായ ധാരണ നൽകുന്നതായിരിക്കണം ബജറ്റ് . 2022-23വർഷത്തെ ബജറ്റ്, പുതുക്കിയ ബജറ്റ് എന്നിവ പ്രകാരമുള്ള പ്രതീക്ഷിത വരവും , സ്ഥാപനത്തിലെ വാർഷിക കണക്കു പ്രകാരം ലഭ്യമായ വരവും തമ്മിൽ താഴെ പറയുന്ന ഇനങ്ങളിൽ വലിയ വ്യത്യാസം കാണുന്നു.

| ഇനം | ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് | വാർഷിക കണക്കു പ്രകാരം ലഭ്യമായ വരവ് | വ്യത്യാസം |
|---|---|---|---|
| Property Tax | 6000000 | 5909340 | 90660 |

| | | | |
|---|---|---|---|
| Profession Tax | 1700000 | 1498060 | 201940 |
| Building Permit | 550000 | 588350 | -38350 |

പഞ്ചായത്തിന്റെ ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവും യാഥാർത്ഥ വരവും തമ്മിൽ ഇത്രയും അന്തരം വരുമ്പോൾ ബജറ്റിന്റെ രൂപീകരണം യാതൊരു മുന്നൊരുക്കവും കൂടാതെ ആണെന്ന് വ്യക്തമാകുന്നതാണ്.

**വസ്തുനികുതി**

സ.ഉ(കൈ) നം.77/2023/LSGD തീയതി. 22.03.2023 നമ്പർ പ്രകാരം കേരളത്തിലെ എല്ലാ ഗ്രാമപഞ്ചായത്തുകളിലും നഗരസഭകളിലും 01.04.2023 പ്രാബല്യത്തിൽ വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവായിട്ടുണ്ട്. തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 02.05.2023 തീയതിയിലെ LSGD/PD/20073/2023-REV2 നമ്പർ കത്ത് പ്രകാരം വസ്തുനികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട് എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും സ്വീകരിക്കേണ്ട നടപടിക്രമങ്ങളും ആയതിനുള്ള സമയപരിധിയും നിശ്ചയിച്ച് നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ മാറഞ്ചരി ഗ്രാമപഞ്ചായത്ത് വസ്തുനികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട താഴെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1. നിലവിലുള്ള കെട്ടിടങ്ങളുടെ നികുതി അടുത്ത അഞ്ചു വർഷങ്ങളിലേക്ക് ഓരോ വർഷവും നിലവിലുള്ള നിരക്കിന്റെ 5% വീതം 01.04.2023 പ്രാബല്യത്തിൽ വർദ്ധനവ് വരുത്തിയിട്ടുണ്ട്.

2. നിലവിലുള്ള അടിസ്ഥാന വസ്തുനികുതി നിരക്ക് പുതുക്കി നിശ്ചയിക്കുന്ന അന്തിമ തീരുമാനം എടുക്കുന്നതിനു മുന്നോടിയായി അതിന്റെ ഉദ്ദേശത്തെ സംബന്ധിച്ചും നികുതി നിരക്കുകൾ പ്രാബല്യത്തിൽ വരുന്ന തീയതിയും നിരക്കുകളും കാണിച്ചു കൊണ്ടും ആക്ഷേപങ്ങളും അഭിപ്രായങ്ങളും ക്ഷണിച്ചു കൊണ്ടുമുള്ള നോട്ടീസ് (പ്രാഥമിക നോട്ടീസ്) 17.05.23ലെ പഞ്ചായത്ത് ഭരണസമിതി യോഗം 4/1 നമ്പർ തീരുമാന പ്രകാരം പരസ്യപ്പെടുത്തിയിരുന്നു.

3. സ.ഉ (അച്ചടി) നം. 25/2023/എൽ.എസ്.ജി.ഡി, തിയ്യതി 05.04.2023 ഉത്തരവിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഉത്തരവ് പ്രകാരമുള്ള നിരക്കുകൾക്ക് വിധേയമായി കെട്ടിടങ്ങൾക്ക് അവയുടെ ഉപയോഗ ക്രമത്തിന്റെ അടിസ്ഥാനത്തിൽ ഈടാക്കേണ്ട അടിസ്ഥാന വസ്തു നികുതി നിരക്കുകൾ അന്തിമ വിജ്ഞാപനം 30.06.2023 ന് മുമ്പായി പുറപ്പെടുവിക്കേണ്ടതായിരുന്നുവെങ്കിലും 16.08.23 ലെ 11/1 ഭരണസമിതി തീരുമാനപ്രകാരമാണ് അന്തിമമാക്കിയിട്ടുള്ളത്.

4. ഗ്രാമ പഞ്ചായത്ത് പ്രദേശത്തെ വിവിധ മേഖലകളുടെ തരം തിരിവു സംബന്ധിച്ചും വിജ്ഞാപനത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

5. വസ്തു നികുതി നിർണ്ണയിക്കപ്പെട്ട ശേഷം കെട്ടിടത്തിന്റെ തറ വിസ്തീർണ്ണത്തിലോ ഉപയോഗത്തിലോ വരുത്തുന്ന മാറ്റം യഥാസമയം രേഖാമൂലം അറിയിക്കാത്ത കെട്ടിട ഉടമക്ക് 2023 മെയ് 15 നകം ഫോറം 9 B ഉപയോഗിച്ച് ഓൺലൈനായോ നേരിട്ടോ അറിയിക്കാവുന്നതാണ്. ഗ്രാമപഞ്ചായത്തിൽ ഇപ്രകാരം 372 അപേക്ഷകളാണ് ലഭിച്ചിട്ടുള്ളത്. കെട്ടിട ഉടമ വിവരം അറിയിച്ചാലും ഇല്ലെങ്കിലും കെട്ടിടങ്ങളുടെ ശരിയായ വിവരം ഫീൽഡ് പരിശോധന നടത്തി 30.06.2023 ന് മുമ്പായി നികുതി പുനർനിർണ്ണയം പൂർത്തീകരിക്കേണ്ടതായിരുന്നുവെങ്കിലും നാളിതു വരെ പൂർത്തീകരിച്ചിട്ടില്ല. വിവര ശേഖരണത്തിനും ഡാറ്റാ എൻട്രിക്കുമായി ഡിപ്ലോമ (സിവിൽ എഞ്ചിനീയറിംഗ്), ഐ ടി ഐ ഡ്രാഫ്റ്റ്മാൻ സിവിൽ, ഐ ടി ഐ സർവ്വേയർ എന്നിവയിൽ കുറയാത്ത യോഗ്യതയുള്ളവരെ നിയമിക്കാവുന്നതാണ്. ഗ്രാമപഞ്ചായത്തിൽ ഇത്തരത്തിൽ 16 പേരെ നിയമിക്കുകയും ഫീൽഡ് പരിശോധന ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

**സേവന ഉപനികുതി**

2011ലെ കേരള പഞ്ചായത്ത് രാജ് വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും ചട്ടങ്ങളിലെ ചട്ടം 26, 27 എന്നിവയനുസരിച്ച്, ഒരു ഗ്രാമപഞ്ചായത്ത് പ്രദേശത്ത് സ്ഥിതി ചെയ്യുന്നതും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 207(1) പ്രകാരം സേവന ഉപനികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്തതുമായ ഏതൊരു കെട്ടിടത്തിന്റേയും ഉടമസ്ഥനിൽ നിന്നും, പ്രസ്തുത കെട്ടിടം സ്ഥിതി ചെയ്യുന്ന ഭൂമിയിലോ അതിന്റെ സമീപ പ്രദേശത്തോ ശുചിത്വ പരിപാലനം, ജലവിതരണം, തെരുവു വിളക്കുകളും ഡ്രൈനേജും തുടങ്ങിയ സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ താഴെപറയുന്ന പ്രകാരം ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന ഉപനികുതി ചുമത്താവുന്നതാണ്.

| സേവനം | ചുമത്താവുന്ന കുറഞ്ഞ സേവന ഉപനികുതി |
|---|---|
| ശുചിത്വ | വസ്തു നികുതിയുടെ 4% ൽ കുറയാത്ത |

| | |
|---|---|
| പരിപാലനം | തുക |
| ജല വിതരണം | വസ്തു നികുതിയുടെ 3% ൽ കുറയാത്ത തുക |
| തെരുവു വിളക്കുകൾ | വസ്തു നികുതിയുടെ 2% ൽ കുറയാത്ത തുക |
| ഡ്രൈനേജ് | വസ്തു നികുതിയുടെ 1% ൽ കുറയാത്ത തുക |

മാറഞ്ചരി ഗ്രാമപഞ്ചായത്ത് പരിധിയിൽ സേവന ഉപനികുതി ഏർപ്പെടുത്തിയിട്ടില്ല. തനത് വരുമാനം മെച്ചപ്പെടുത്തുന്നതിന് സേവന ഉപനികുതിയുടെ സാധ്യതകൾ പരിഗണിക്കാവുന്നതാണ്.

**തൊഴിൽ നികുതി**

ഗ്രാമപഞ്ചായത്തിലെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്ററും അനുബന്ധ രേഖകളും പരിശോധിച്ചതിൽ നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിന് കാര്യക്ഷമമായ കൂടുതൽ നടപടികൾ ആവശ്യമാണെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

1. 1996ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 10 പ്രകാരം ഏതെങ്കിലും കമ്പനിയോ വ്യക്തിയോ ഒരു അർദ്ധവർഷത്തേക്ക് തൊഴിൽ നികുതി അടവാക്കാൻ ബാധ്യസ്ഥരാണെങ്കിൽ അങ്ങിനെയുള്ള കമ്പനിയോട്/വ്യക്തിയോട് ഒരു റിട്ടേൺ സമർപ്പിക്കാൻ ആവശ്യപ്പെടാവുന്നതും ചട്ടം 18 പ്രകാരം സെക്രട്ടറി നികുതിദായകരുടെ ബിൽ/ഡിമാന്റ് നോട്ടീസ് തയ്യാറാക്കി തൊഴിലുടമക്ക് അയക്കേണ്ടതുമാണ്. ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള സ്ഥാപനങ്ങൾ, ജീവനക്കാർ, പ്രിസംപ്റ്റീവ് ടാക്സ് ഒടുക്കാൻ ബാദ്ധ്യസ്ഥരായവർ, സ്വകാര്യ സ്കൂളുകൾ/കോളേജുകൾ തുടങ്ങിയ തൊഴിൽ നികുതി ഒടുക്കാൻ ബാധ്യസ്ഥരായവരുടെ സമ്പൂർണ്ണ ഡാറ്റാബേസ് ഗ്രാമപഞ്ചായത്തിൽ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. മുൻവർഷത്തെ തൊഴിൽ നികുതി രജിസ്റ്റർ പ്രകാരമുള്ള സ്ഥാപനങ്ങളുടെ വിവരം മാത്രമാണ് പഞ്ചായത്തിൽ സൂക്ഷിച്ചിട്ടുള്ളത്. ആയതിനാൽ ഗ്രാമപഞ്ചായത്തിൽ തൊഴിൽ നികുതി അടവാക്കാൻ ബാധ്യസ്ഥരായ എല്ലാവരിൽ നിന്നും നികുതി ഈടാക്കുന്നുണ്ടോയെന്ന് പരിശോധിച്ച് ഉറപ്പുവരുത്താൻ സാധിച്ചിട്ടില്ല. മാത്രമല്ല തൻവർഷത്തെ തൊഴിൽ നികുതി റിട്ടേൺ പരിശോധനക്ക് ഹാജരാക്കിയിട്ടുമില്ല

2. സിവിൽ സപ്ലൈസ് ഡയറക്ടറുടെ 22.01.2019 ലെ നമ്പർ (സി എസ്) എ9-764/2019 സർക്കുലർ, ജി.ഒ (പി) 143/2008 തസ്വഭവ/തീയതി. 27.05.2008 സർക്കാർ ഉത്തരവ് എന്നിവ പ്രകാരം റേഷൻ കടകളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഗ്രാമപഞ്ചായത്ത് ഈടാക്കുന്നില്ല.
ഗ്രാമപഞ്ചായത്ത് പരിധിയിലെ തൊഴിൽ നികുതി അടവാക്കാൻ ബാധ്യസ്ഥരായ മുഴുവൻ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണ്.

**ലൈസൻസ് ഫീസ്**

1.തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 31.10.2017 ലെ ജി.ഒ.(പി) നം.80/2017/ത.സ്വ.ഭ.വ, എസ്.ആർ.ഒ നമ്പർ 674/2017 പ്രകാരം പുറപ്പെടുവിച്ച വിജ്ഞാപന പ്രകാരം 1996 ലെ കേരള പഞ്ചായത്ത് രാജ് (അസഹ്യവും അപകടകരവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾക്ക് ഭേദഗതികൾ പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിലെ ചട്ടം 10 ലെ പട്ടിക-II പ്രകാരം വിവിധ വ്യാപാരങ്ങൾക്ക് ഈടാക്കാവുന്ന പരമാവധി ഫീസായി ദിവസേനയുള്ള വിറ്റ് വരവിന്റെ അടിസ്ഥാനത്തിൽ നിശ്ചയിച്ചിട്ടുള്ളതിനെ മൈക്രോ, മിനി, സ്മോൾ, മീഡിയം, ലാർജ് സംരംഭങ്ങൾ എന്നിങ്ങനെ വിവിധ തട്ടുകളാക്കി മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ തരം തിരിച്ച് പരമാവധി ഈടാക്കാവുന്ന ഫീസ് ഉത്തരവാകുകയും ചെയ്തിട്ടുണ്ട്. ചട്ടം 7 പ്രകാരം II -ാം പട്ടികയിൽ അധികരിക്കാത്ത തുക ഗ്രാമപഞ്ചായത്തിന് ചുമത്താവുന്നതാണ്. എന്നാൽ ഗ്രാമപഞ്ചായത്ത്, 31.10.2017 ൽ നിലവിൽ വന്ന ഭേദഗതി പ്രകാരമുള്ള പുതുക്കിയ നിരക്ക് നിശ്ചയിച്ചതായി കാണുന്നില്ല.

2.പഞ്ചായത്ത് പരിധിയിലെ വ്യാപാര സ്ഥാപനങ്ങളെയും വാർഡടിസ്ഥാനത്തിൽ ഉൾപ്പടുത്തി ട്രേഡേഴ്സ് ലിസ്റ്റ് സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ഫീൽഡ് തല പരിശോധന നടത്തി പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന വ്യാപാര-വ്യവസായ സ്ഥാപനങ്ങളെ കണ്ടെത്തി വാർഡ് അടിസ്ഥാനത്തിലുള്ള ട്രേഡേഴ്സ് ലിസ്റ്റ് സൂക്ഷിക്കേണ്ടതും മുഴുവൻ സ്ഥാപനങ്ങളും ലൈസൻസെടുക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്

മറ്റിനങ്ങൾ

1. ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ/ആശുപത്രികൾ, പാരാ മെഡിക്കൽ സ്ഥാപനങ്ങൾ എന്നിവ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നുണ്ടെങ്കിൽ ചട്ട പ്രകാരം ഉള്ള ഫീസ് ഈടാക്കി രജിസ്ട്രേഷൻ എടുത്തു/പുതുക്കി എന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

2.പഞ്ചായത്തിലെ കാലഹരണപ്പെട്ട ആസ്തികൾ, പാഴ്വസ്തുക്കൾ എന്നിവയുടെ ലേലം യഥാസമയം നടത്തുന്നതിന്

നടപടി സ്വീകരിക്കേണ്ടതാണ്.

## 1-12 നിക്ഷേപ പ്രവൃത്തികളിൽ ക്രമീകരിക്കാൻ അവശേഷിക്കുന്ന മുൻകൂറുകൾ -വിവരങ്ങൾലഭ്യമാക്കേണ്ടതാണ്.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പദ്ധതി നിർവ്വഹണത്തിന് വേണ്ടി വിവിധ ഏജൻസികളിൽ മുൻകൂറായി തുക ഡെപ്പോസിറ്റ് ചെയ്തു വരുന്നുണ്ട്. സാങ്കേതിക കാരണങ്ങളാൽ പ്രവൃത്തി ഉപേക്ഷിക്കുകയോ, പൂർത്തീകരിക്കാതിരിക്കുകയോ ചെയ്യുമ്പോൾ ഡെപ്പോസിറ്റ് തുക പൂർണമായും, പൂർത്തീകരിച്ച പ്രവൃത്തികളിൽ വിനിയോഗ സാക്ഷ്യപത്രം/ മൂല്യ നിർണ്ണയം പ്രകാരമുള്ള തുക കിഴിച്ച് ബാക്കി തുകയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് തിരിച്ച് നൽകുന്നതിൽ ഏജൻസികൾ വീഴ്ച്ച വരുത്തുന്നതായി ശ്രദ്ധയിൽ പെട്ടിട്ടുണ്ട്.

അതാതു വർഷത്തെ ഓഡിറ്റ് റിപ്പോർട്ട്, തുടർനടപടി ഫയൽ/പുനരഭിപ്രായക്കുറിപ്പ്,സുലേഖ സോഫ്റ്റ് വെയർ പ്രകാരമുള്ള പദ്ധതി വിവരം,മുൻകൂർ രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ 12, 13 പഞ്ചവത്സരപദ്ധതി കാലയളവിൽ (2012-13 മുതൽ 2021-22വരെ) പദ്ധതി നിർവ്വഹണത്തിന് വേണ്ടി വിവിധ ഏജൻസികളിൽ ഡെപ്പോസിറ്റ് ചെയ്ത തുകകളിൽ ചുവടെ ചേർത്തിട്ടുള്ള പ്രവൃത്തികളുടെ പൂർത്തീകരണപത്രവും വിനിയോഗ സാക്ഷ്യപത്രവും ലഭ്യമായിട്ടില്ല എന്ന് ബോധ്യപ്പെട്ടിട്ടുണ്ട്. ഇത്തരത്തിൽ നാളിതുവരെ ക്രമീകരിക്കാത്ത മുൻകൂറുകൾ സംബന്ധിച്ച വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | പ്രൊജക്ട് /പ്രവൃത്തി | സാമ്പത്തിക വർഷം | ഏജൻസി | മുൻകൂർ നൽകിയ തുക | ചെലവഴിച്ചതുക (വിനിയോഗ സാക്ഷ്യപത്രം/ മൂല്യനിർണ്ണയം പ്രകാരം) | ചെലവഴിക്കാൻ/ ക്രമീകരിക്കാൻ അവശേഷിക്കുന്ന തുക |
|---|---|---|---|---|---|---|
| 5 | സ്ട്രീറ്റ് മെയിൻ ദീർഘിപ്പിക്കൽ | 2016-17 | KSEB മാറഞ്ചേരി | 7,98,000 | വിശദാംശങ്ങൾ ലഭ്യമല്ല | 7,98,000 |
| 6 | സ്ട്രീറ്റ്മെയിൻ | 2017-18 | കേരള വാട്ടർ അതോറിട്ടി | 600000 | വിശദാംശങ്ങൾ ലഭ്യമല്ല | 600000 |
| 7 | | | KSEB മാറഞ്ചേരി | 446077 | വിശദാംശങ്ങൾ ലഭ്യമല്ല | 446077 |
| 8 | കുണ്ടംകുഴി കോൾപ്പടവിന് വൈദ്യുതി ലൈൻ എക്സ്റ്റെൻഷൻ | 2018-19 | KSEB മാറഞ്ചേരി | 59318 | വിശദാംശങ്ങൾ ലഭ്യമല്ല | 59318 |
| 9 | കുണ്ടംകുഴി കേൾപടവ് ലൈൻ എക്സ്റ്റൻഷൻ (147/20) | 2019-2020 | KSEB മാറഞ്ചേരി | 508740 | 60% പൂർത്തീകരിച്ചതിന്റെ വിനിയോഗ സാക്ഷ്യ പത്രം ലഭിച്ചിട്ടുണ്ടെന്ന് തൻവർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ രേഖപ്പെടുത്തിയിട്ടുണ്ട് | 203496/- ആകെ തുകയുടെ 40% |
| 10 | Project 213/21 ജവജീവൻ മിഷൻ- പഞ്ചായത്ത് വിഹിതം | 2020-21 | KWA | 240000 | 240000 | വിനിയോഗ വിവരം ലഭ്യമല്ല |

ഇത് സംബന്ധിച്ച് നൽകിയ (ഓഡിറ്റ് എൻക്വയറി 01/ 07.12.2023 ന് സമർപ്പിച്ച മറുപടിയിൽ വിനിയോഗ സാക്ഷ്യ പത്രം ലഭിച്ചാലുടൻ ഹാജരാക്കുന്നതാണെന്നറിയിച്ചിട്ടുണ്ട്. ആയതിനാൽ മേൽ പ്രവൃത്തികളിലെ ഡെപ്പോസിറ്റ് തുക ക്രമീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്. പരാമർശം നിയമസഭാ സമിതിയുടെ

പരിഗണനക്ക് ശുപാർശ ചെയ്യുന്നതാണ്. വിവരങ്ങൾ അടിയന്തിരമായി ലഭ്യമാക്കേണ്ടതാണ്.

## 1-13 തൊഴിൽ നികുതി റിട്ടേൺ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല

2022-23 സാമ്പത്തിക വർഷത്തെ വാർഷിക കണക്ക് പ്രകാരം ജീവനക്കാരുടേയും സ്ഥാപനങ്ങളുടേയും തൊഴിൽ നികുതിയിനത്തിൽ 1124220/- രൂപ വരവുണ്ട്. ആയതിന്റെ ആധികാരികത പരിശോധിക്കാൻ 2022-23 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി റിട്ടേൺ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. തൊഴിൽ നികുതി റിട്ടേൺ പരിശോധനക്ക് ഹാജരാക്കാനായി ഓഡിറ്റ് എൻക്വയറി (നം.28/14.12.2023) നൽകിയിരുന്നുവെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. തൊഴിൽ നികുതി റിട്ടേൺ പരിശോധനക്ക് ഹാജരാക്കാണ്ടേതാണ്.

## 1-14 വസ്തുനികുതി നിർണ്ണയത്തിലെ അപാകത - കുടിശ്ശിക അടവാക്കിയിട്ടില്ല

ഗ്രാമ പഞ്ചായത്തിലെ വാണിജ്യാവശ്യങ്ങൾക്കുള്ള (ഹോട്ടൽ, റസ്റ്റോറന്റ്, ഷോപ്പുകൾ, ഗോഡൗണുകൾ) കെട്ടിടങ്ങളുടെ അടിസ്ഥാന നികുതി നിരക്കുകൾ താഴെ കൊടുക്കുന്നു.

100ച.മീ. വരെ ആകെ തറ വിസ്തീർണ്ണമുള്ളവ : 30/- രൂപ / ച.മീ.

100ച.മീറ്ററിനു മുകളിൽ തറ വിസ്തീർണ്ണമുള്ളവ : 50/- രൂപ / ച.മീ.

എന്നാൽ ഗ്രാമ പഞ്ചായത്തിലെ വാണിജ്യാവശ്യങ്ങൾക്കുള്ള കെട്ടിടത്തിന്റെ ആകെ തറ വിസ്തീർണ്ണം 100ചതുരശ്ര മീറ്ററിനു മുകളിൽ വരുന്നതും മുകളിൽ പരാമർശിച്ച ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതുമായ വിവിധ നമ്പറുകൾ അനുവദിച്ച താഴെ പറയുന്ന കെട്ടിടത്തിന് നികുതി നിർണ്ണയിക്കുന്നതിലേക്ക് അടിസ്ഥാന നികുതി 50/- രൂപ പരിഗണിക്കേണ്ടതിനു പകരം 30/- രൂപയാണ് കണക്കിലെടുത്തിരിക്കുന്നത്.

| പേര് | കെട്ടിട നമ്പർ | തറ വിസ്തീർണ്ണം ($M^2$) | നിർണ്ണയിച്ച അടിസ്ഥാന വസ്തു നികുതി | നിർണ്ണയിക്കേണ്ടത് |
|---|---|---|---|---|
| ശ്രീ. ഷാജു കരിയംപറമ്പിൽ | XIX/321 E | 18.63 | 30 | 50 |
| | XIX/321 F | 18.63 | 30 | 50 |
| | XIX/321 G | 42.54 | 30 | 50 |
| | XIX/321 H | 42.54 | 30 | 50 |

തൻവർഷം തന്നെ 100 M2 മുകളിലുള്ളതും വിവിധ നമ്പറുകൾ അനുവദിച്ച മറ്റു കെട്ടിടങ്ങൾക്ക് 50/m2 രൂപ നിരക്കിൽ നികുതി നിർണ്ണയിച്ചിട്ടുണ്ട്. കേരള പഞ്ചായത്ത് രാജ് നിയമം 203(3) വകുപ്പ് പ്രകാരം ഒരേ ഇനത്തിന് അല്ലെങ്കിൽ അതിന്റെ ഉപവിഭാഗത്തിൽ പെട്ട എല്ലാ കെട്ടിടങ്ങൾക്കും ഗ്രാമപഞ്ചായത്ത് പ്രദേശത്ത് എല്ലായിടത്തും ഒരേ അടിസ്ഥാന വസ്തു നികുതി നിരക്ക് ആയിരിക്കേണ്ടതാണ്. ചില കെട്ടിടങ്ങൾക്ക് 30 രൂപയിലും മറ്റു ചില കെട്ടിടങ്ങൾക്ക് 50 രൂപ നിരക്കിലും ഒരേ ഉപയോഗതരത്തിലുള്ള കെട്ടിടങ്ങൾക്ക് നികുതി ചുമത്തുന്നത് വിവേചനപരവും 203(3) വകുപ്പിന്റെ ലംഘനവുമാണ്. ആയതിനാൽ തെറ്റായ നിരക്കിൽ നിർണ്ണയിച്ച നികുതി പുനർ നിർണ്ണയിക്കുന്നതിനും കുടിശ്ശിക പിരിച്ചെടുക്കുന്നതിനുമായി ഓഡിറ്റ് എൻക്വയറി(എൻക്വയറി നം.29/14.12.2023) നൽകിയിരുന്നതിന് വസ്തു നികുതി പുനർ നിർണ്ണയിച്ച് ഫോം 6 പരിശോധനക്ക് ഹാജരാക്കിയിട്ടുണ്ട്. എന്നാൽ കെട്ടിടത്തിന് നമ്പർ അനുവദിച്ചതു മുതലുള്ള കുടിശ്ശിക ഈടാക്കിയിട്ടില്ല. വസ്തുനികുതി പുനർ നിർണ്ണയം മൂലമുള്ള കുടിശ്ശിക പിരിച്ചെടുത്ത് വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-15 ഡ്രൈനേജ് മണ്ണ് നീക്കൽ - ഉയർന്ന നിരക്ക് നല്കി

2022-23 വർഷത്തിൽ അസിസ്റ്റന്റ് എഞ്ചിനിയർ നിർവഹണം നടത്തിയ താഴെ പരാമർശിക്കുന്ന പ്രവൃത്തിയിൽ ഡ്രൈനേജ് നിർമ്മാണത്തിനായി മണ്ണ് നീക്കം ചെയ്യുന്നതിന് (Excavation In Cutting In Soil) Mord Data 3.5.1 പ്രകാരം " Excavation In Cutting In Soil By Manual Means" അനുസരിച്ചുള്ള നിരക്കാണ് അനുവദിച്ച് നൽകിയത്.

Excavation In Cutting In Soil എന്ന പ്രവൃത്തിക്ക് Mord Data പ്രകാരം മൂന്ന് വ്യത്യസ്ത നിരക്കുകൾ അംഗീകരിക്കപ്പെട്ടിട്ടുണ്ട്.

| ഇനം | കരാർ പ്രവൃത്തിക്ക് നൽകാവുന്ന നിരക്ക് നിരക്ക് (36.44% Cost Index ) |
|---|---|

| | |
|---|---|
| 3.5.1 - Excavation In Cutting In Soil By Manual Means | 360.75/ $M^3$ |
| 3.5.2 - Excavation In Cutting In Soil By Using Dozer | 64.45/ $M^3$ |
| 3.5.3 - Excavation In Cutting In Soil By Using Hydrolic Excavator | 36.47/ $M^3$ |

മരാമത്ത് പ്രവൃത്തി നടത്തുമ്പോൾ ഗുണനിലവാരമുള്ള പ്രവൃത്തി ഏറ്റവും കുറഞ്ഞ ചെലവിൽ നടപ്പാക്കുകയാണ് ചെയ്യേണ്ടത്. അതിനാൽത്തന്നെ ഹൈഡ്രോളിക് എക്സ്കവേറ്റർ ഉപയോഗിക്കാൻ സാധിക്കുന്ന പ്രവൃത്തികളിൽ അതനുസരിച്ചുള്ള നിരക്കാണ് അനുവദിച്ച് നൽകേണ്ടത്.

അസിസ്റ്റന്റ് എഞ്ചിനിയർ നിർവഹണം നടത്തിയ താഴെ പറയുന്ന പ്രവൃത്തിയിൽ റോഡ് സൈഡിൽ ഡ്രൈനേജ് നിർമ്മിക്കുന്നതിന് മണ്ണ് നീക്കുന്നതിന് MoRD Data 3.5.1 എന്നിവ പ്രകാരം മനുഷ്യാധ്വാനം ഉപയോഗിച്ച് മണ്ണ് നീക്കുന്നതിനുള്ള നിരക്ക് അനുവദിച്ചു നൽകിയിട്ടുണ്ട്. യന്ത്ര സംവിധാനം ഉപയോഗിച്ച് മണ്ണ് നീക്കം ചെയ്യുന്നതിന് സാധിക്കുന്ന സ്ഥലങ്ങളിലും പ്രവൃത്തികളിലും അത് ഉപയോഗിച്ച് പ്രവൃത്തി ചെയ്യുന്നതിനുള്ള MoRD Data 3.5.3 നിരക്കായിരുന്നു അനുവദിച്ച് നൽകേണ്ടിയിരുന്നത്. 12.12.23 ന് ഓവർസിയറുടെ സാന്നിദ്ധ്യത്തിൽ പ്രവൃത്തിസ്ഥലത്ത് നേരിട്ട് പരിശോധന നടത്തിയതിൽ ഇക്കാര്യം ബോധ്യപ്പെട്ടു.

പ്രവൃത്തികളുടെ വിവരം താഴെ ചേർക്കുന്നു.

| SL No. | പ്രവൃത്തിയുടെ വിവരം | മണ്ണിന്റെ അളവ് Cum | നൽകിയ തുക @ Mord Data 3.5.1 | നൽകാവുന്ന തുക @ Mord Data 3.5.3 | അധികം നൽകിയ തുക |
|---|---|---|---|---|---|
| 1 | ഫാം റോഡ് ഡ്രൈനേജ് നിർമ്മാണം വാർഡ് 12 (5/23 )<br>Estimate No.62036/2022 അടങ്കൽ 10,00,000 ഇ-ഗ്രാമ സ്വരാജ് അവാർഡ് തുക<br>TS- 35322/2022-23 Dt 19.10.2022<br>(36.44% CI)<br>കരാറുകാരൻ - ശ്രീ ഇ. ശിവദാസൻ<br>കരാർ - 14/AE/LSGD /MRY/22.2.2023 (9.49% Tender Above)<br>M Book- E.mbook<br>ഒന്നാം പാർട് ബിൽ- 770972രൂപ ബിൽ /വൗച്ചർ- 22201055/തിയ്യതി 29.3.23<br>ഫൈനൽ ബിൽ- (2023-24 ൽ)- | 47.575 ( ഒന്നാം പാർട്ട് ബില്ലിൽ) | 18793.08+ 18% GST= 22175.83<br>@395.02/cum | 1899.66+18% GST= 2241.50<br>@39.93/ $M^3$ | 16893.4+ 18% GST= 19934 |
| 2 | അവിണ്ടിത്തറ അരിമ്പൻകുണ്ട് ഡ്രൈനേജ് നിർമ്മാണം വാർഡ് 15 (160/23 )<br>Estimate No. 71670/2022<br>അടങ്കൽ 4,00,000 ഇ-ഗ്രാമ സ്വരാജ് അവാർഡ് തുക | 46.920 ( ഒന്നാം പാർട്ട് ബില്ലിൽ) | 16926.39+ 18% GST= 19973.14<br>@360.75/cum | 711.17+18% GST= 2019.18<br>@36.47/ $M^3$ | 15215.22+ 18% GST= 17953.95 |

| | | | | | |
|---|---|---|---|---|---|
| | TS- 58480/2022-23 Dt 24.11.2022<br>(36.44% Cl)<br>കരാറുകാരൻ - ശ്രീ എം.ഷൺമുഖൻ<br>കരാർ - 03/AE/LSGD /MRY/9.2.2023 Estimate Rate<br>M Book- E.mbook<br>ഒന്നാം പാർട് ബിൽ- 261612<br>141880 ബിൽ /വൗച്ചർ- 22201041 തിയ്യതി 30.3.23<br>119732രൂപ ബിൽ /വൗച്ചർ- 22201042<br>തിയ്യതി 30.3.23<br>ഫൈനൽ ബിൽ- (2023-24 ൽ)- | | | | |
| | ആകെ | | | | 37887.95 |

വാഹന സൗകര്യമുള്ള സ്ഥലങ്ങളിൽ യന്ത്ര സംവിധാനമുപയോഗിച്ച് മണ്ണ് നീക്കം ചെയ്യുന്നതിനുള്ള ഇനം ഉപയോഗിക്കാതെ ഉയർന്ന നിരക്കുള്ള ഇനം പ്രവൃത്തി എസ്റ്റിമേറ്റിൽ അനുവദിച്ച് നൽകിയതിന് വിശദീകരണം നൽകേണ്ടതും അതുവഴി പ്രവൃത്തിക്ക് അധിക ചെലവ് വന്നത് തിരിച്ചടവാക്കേണ്ടതുമാണ് എന്നാവശ്യപ്പെട്ട് നൽകിയ അന്വേഷണക്കുറിപ്പുകൾക്ക് (12/12..12.2023, 13/12..12.2023) മേലുദ്യോഗസ്ഥന്മാർ ഈ നിരക്ക് അംഗീകരിക്കാതിരുന്നിട്ടില്ല എന്ന മറുപടിയാണ് ലഭ്യമാക്കിയത്. എഞ്ചിനീയറുടെ സാന്നിദ്ധ്യത്തിൽ ഓഡിറ്റ് നടത്തിയ പരിശോധനയിൽ കൂടിയ നിരക്ക് നൽകേണ്ടതിനുള്ള കാരണങ്ങളൊന്നും ഇല്ല എന്ന് ബോധ്യപ്പെട്ടിട്ടുള്ളതുമാണ്. കൂടിയ നിരക്ക് ഉൾപ്പെടുത്തി എസ്റ്റിമേറ്റ് തയ്യാറാക്കിയത് ക്രമപ്രകാരമല്ലാത്തതിനാൽ അധിക തുക ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-16 സാമൂഹ്യ സുരക്ഷാ പെൻഷൻ - മരണപ്പെട്ടവരെ ഗുണഭോക്തൃ ലിസ്റ്റിൽ നിന്നും സമയബന്ധിതമായി ഒഴിവാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടില്ല

മരണപ്പെട്ടവരെയും അനർഹരായവരെയും പെൻഷൻ ഗുണഭോക്തൃ ലിസ്റ്റിൽ നിന്നും സമയബന്ധിതമായി ഒഴിവാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ധനകാര്യ (എസ് എഫ് സി-ബി) വകുപ്പിന്റെ 63/2021/ധന. തീയതി.02.08.2021ലെ സർക്കുലർ പ്രകാരം ഉത്തരവായിട്ടുണ്ട്. ഇത് പ്രകാരം ഗ്രാമപഞ്ചായത്ത് സ്വീകരിക്കേണ്ട താഴെ പറയുന്ന തുടർ നടപടികളുടെ വിവരങ്ങൾ ആരാഞ്ഞ് ഓഡിറ്റ് എൻക്വയറി(നം 26/14.12.2023) നൽകിയിരുന്നുവെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല.

1) പ്രാദേശിക സർക്കാരിൽ അതാത് മാസം രജിസ്റ്റർ ചെയ്യപ്പെടുന്ന മരണങ്ങളിൽ മറ്റേതെങ്കിലും പ്രാദേശിക സർക്കാരിൽ സ്ഥിരതാമസമാക്കിയ വ്യക്തികൾ ഉള്ള പക്ഷം അക്കാര്യം മരണം രജിസ്റ്റർ ചെയ്യപ്പെടുന്ന പ്രാദേശിക സർക്കാർ സെക്രട്ടറി മരണപ്പെട്ട വ്യക്തി സ്ഥിരതാമസമാക്കിയിട്ടുള്ള പ്രാദേശിക സർക്കാരിൽ അടുത്തമാസം 10-ാം തീയതിക്കു മുമ്പ് അറിയിക്കേണ്ടതും, ആയത് പരിശോധിച്ച് മരണപ്പെട്ട/ അനർഹരായ ഗുണഭോക്താക്കളെ പെൻഷൻ ഗുണഭോക്തൃ ലിസ്റ്റിൽ നിന്നും സമയബന്ധിതമായി ഒഴിവാക്കാനുള്ള നടപടി ബന്ധപ്പെട്ട പ്രാദേശിക സർക്കാർ സെക്രട്ടറിമാർ സമയബന്ധിതമായി സ്വീകരിക്കേണ്ടതുമാണ്. ഇത്തരത്തിൽ ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികളുടെ വിവരം ലഭ്യമാക്കിയില്ല.

2) പെൻഷൻ വിതരണം നടത്തുന്ന സഹകരണ സ്ഥാപനങ്ങൾ, മരണപ്പെട്ടവരുടെ വിവരങ്ങൾ ഓരോ പെൻഷൻ വിതരണത്തിന് ശേഷവും ബന്ധപ്പെട്ട പ്രാദേശിക സർക്കാരുകളെ കൃത്യമായി അറിയിക്കേണ്ടതും പ്രാദേശിക സർക്കാർ സെക്രട്ടറിമാർ അന്വേഷണത്തിന് ശേഷം അത്തരക്കാരെ പെൻഷൻ ഡാറ്റാ ബേസിൽ നിന്നും താമസംവിനാ ഒഴിവാക്കേണ്ടതുമാണ്. ഇത്തരത്തിൽ ഓരോ പെൻഷൻ വിതരണത്തിന് ശേഷം മാറഞ്ചേരി ഗ്രാമപഞ്ചായത്തിലെ പെൻഷൻ വിതരണം ചെയ്യുന്ന സഹകരണ സ്ഥാപനങ്ങളിൽ നിന്നും ലഭ്യമാകുന്ന വിവരങ്ങളുടെ ലിസ്റ്റ് ലഭ്യമാക്കാൻ ആവശ്യപ്പെട്ടെങ്കിലും ഇത്തരത്തിലുള്ള വിവരങ്ങളുടെ ഒരു രേഖയും ലഭ്യമാക്കിയില്ല.

3) മാറഞ്ചേരി ഗ്രാമപഞ്ചായത്തിലെ ക്ഷേമ പെൻഷൻ വീടുകളിലേക്ക് വിതരണം ചെയ്യുന്ന സഹകരണ സ്ഥാപനങ്ങളുടെ പേര് വിവരം ലഭ്യമാക്കാനായി ആവശ്യപ്പെട്ടെങ്കിലും ഒരു വിവരവും ലഭ്യമാക്കിയില്ല.

4) എല്ലാ പ്രാദേശിക സർക്കാർ പരിധികളിലും മരണപ്പെടുന്നവരുടെ വിവരങ്ങൾ 3 മാസത്തിലൊരിക്കൽ വീഴ്ച കൂടാതെ ധനകാര്യ (എസ്എഫ് സി-ബി) വകുപ്പിൽ അറിയിക്കേണ്ടതാണ്. പ്രസ്തുത ഡാറ്റാ ഇൻഫർമേഷൻ കേരള മിഷൻ 'സേവന'യുമായി പരിശോധന നടത്തേണ്ടതും മരണപ്പെട്ട ഗുണഭോക്താക്കളെ കണ്ടെത്തുന്ന പക്ഷം ആയത് ഗുണഭോക്തൃ ലിസ്റ്റിൽ നിന്നും നീക്കം ചെയ്യേണ്ടതുമാണ്. ഇത്തരത്തിൽ 2022 ഏപ്രിൽ മുതൽ ധനകാര്യ വകുപ്പിന് വിവരം നൽകിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ആവശ്യപ്പെട്ടെങ്കിലും ലഭ്യമാക്കിയില്ല.

5) ഗുണഭോക്താവ് മരണപ്പെട്ടാൽ ഗുണഭോക്താക്കളുടെ അവകാശികളോ അടുത്ത ബന്ധുക്കളോ പ്രസ്തുത വിവരം ബന്ധപ്പെട്ട പ്രാദേശിക സർക്കാരിൽ വീഴ്ച കൂടാതെ അറിയിക്കുന്നതിനുള്ള വ്യവസ്ഥ ചെയ്യുന്നതിനായി സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കളിൽ/അപേക്ഷകരിൽ നിന്നും സത്യപ്രസ്താവന വാങ്ങേണ്ടതാണ്. ഗ്രാമ പഞ്ചായത്തിൽ സ്വീകരിക്കുന്ന പെൻഷൻ അപേക്ഷകളോടൊപ്പം ഇത്തരത്തിൽ സത്യപ്രസ്താവന ഉൾപ്പെടുത്തിയതായുള്ള രേഖകൾ ലഭ്യമാക്കിയിട്ടില്ല.
പെൻഷൻ വിതരണം സംബന്ധിച്ചുള്ള മേൽ സർക്കാർ നിർദ്ദേശം പാലിക്കേണ്ടതും സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്തൃ ലിസ്റ്റിൽ നിന്നും മരണപ്പെട്ടവരെ ഒഴിവാക്കുന്നതിന് അടിയന്തിരമായി നടപടി സ്വീകരിക്കേണ്ടതും രേഖകൾ സഹിതം വിവരം റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

## 1-17 സാമൂഹ്യ സുരക്ഷാ പെൻഷൻ - മരണ രജിസ്ട്രേഷനു ശേഷവും വിതരണം നടത്തി

ഗ്രാമ പഞ്ചായത്തിലെ സാമൂഹ്യ സുരക്ഷാ പെൻഷൻ കൈപ്പറ്റുന്ന ചുവടെ ചേർത്ത വ്യക്തികൾക്ക് അവരുടെ മരണ ശേഷവും പെൻഷൻ അനുവദിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | പെൻഷൻ ഇനം & ഐ.ഡി | മരണം നടന്ന തിയ്യതി | മരണ രജിസ്ട്രേഷൻ നം& തിയ്യതി | അനർഹമായി നൽകിയ തുക | റിമാർക്സ് |
|---|---|---|---|---|---|---|
| 1 | ദാരിയൻ , പറയന്തറയിൽ (ആധാർ നം.730879560132) | വാർദ്ധക്യകാല പെൻഷൻ 109900200964 | 11.12.2021 | 2/2022 05.01.2022 | 28800 | June/2023 വരെയുള്ള പെൻഷൻ ബാങ്കിൽ നിക്ഷേപിച്ചിട്ടുണ്ട്. |
| 2 | വി കുഞ്ഞു , വലിയകത്ത് (ആധാർ നം. 345385574550) | കർഷക തൊഴിലാളി പെൻഷൻ 2220175359 | 05.05.2022 | 73/2022 02.06.2022 | 20800 | June/2023 വരെയുള്ള പെൻഷൻ ബാങ്കിൽ നിക്ഷേപിച്ചിട്ടുണ്ട്. |
| 3 | അബൂബക്കർ ,തെക്കിനിത്തേൽ (ആധാർ നം. 756234557916) | കർഷക തൊഴിലാളി പെൻഷൻ 2220175321 | 04.05.2022 | ലഭ്യമല്ല | 20800 | June/2023 വരെയുള്ള പെൻഷൻ ബാങ്കിൽ നിക്ഷേപിച്ചിട്ടുണ്ട്. |

ആധാർ നമ്പർ ലഭ്യമായതും മാറഞ്ചേരി ഗ്രാമ പഞ്ചായത്തിൽ മരണം രജിസ്റ്റർ ചെയ്തവരുമായ ഗുണഭോക്താക്കളുടെ കാര്യത്തിൽ നൽകിയ തുകകളുടെ വിവരം മാത്രമാണ് പരിശോധിക്കാനായത്. മുഴുവൻ ഗുണഭോക്താക്കളുടെ കാര്യത്തിലും പരിശോധന നടത്തി കാലികമാക്കേണ്ടതാണ്. ഇക്കാര്യത്തിൽ വിശദമായ അന്വേഷണം നടത്തി അനർഹമായി നൽകിയ തുക തിരിച്ചുപിടിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. അപാകതക്ക് ഓഡിറ്റ് എൻക്വയറി (നം.25/14.12.2023)നൽകിയിരുന്നുവെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-18 IKM വിഹിതം - കൈപ്പറ്റ് രശീതി പരിശോധനക്ക് ഹാജരാക്കിയില്ല

2022-23 സാമ്പത്തിക വർഷത്തിൽ IKM വിഹിതമിനത്തിൽ താഴെ പറയും പ്രകാരം തുക നൽകിയെങ്കിലും കൈപ്പറ്റ് രശീത് ഫയലിൽ സൂക്ഷിച്ചതായി കാണുന്നില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

1)പ്രോജക്റ്റ് നം. 63/23

IKM വിഹിതം അടവാക്കൽ (ജനറൽ)

അടങ്കൽ- 95416 രൂപ (പ്ളാൻ -ജനറൽ )

വിനിയോഗിച്ച തുക – 95416 രൂപ

BRN. 2215045200100520014/03.09.22-

നിർവ്വഹണം - സെക്രട്ടറി, മാറഞ്ചേരി ഗ്രാമ പഞ്ചായത്ത്

പദ്ധതി പ്രകാരം 95416രൂപ IKM വിഹിതം (ജനറൽ ) ഇനത്തിൽ സ്റ്റേറ്റ് പ്രോജക്റ്റ് ഡയറക്ടർ ,ഇൻഫർമേഷൻ കേരള മിഷന് നൽകിയിട്ടുണ്ട്. (A/C No.57047023512 SBI).ഈ തുകയുടെ കൈപ്പറ്റ് രശീത് ഫയലിൽ സൂക്ഷിച്ചിട്ടില്ല. ഇത് സംബന്ധിച്ച് 08.12.23 തീയ്യതിയിൽ നൽകിയ 5ാം നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് 14.12.23 ന് ലഭിച്ച മറുപടിയിൽ ബന്ധപ്പെട്ട ഫയൽ ഹാജരാക്കിയെങ്കിലും ആയതിൽ തുകയുടെ കൈപ്പറ്റ് രശീതി ലഭ്യമല്ല.
ആയതിനാൽ മേൽ പറഞ്ഞ തുകയുടെ കൈപ്പറ്റ് രശീതി ലഭ്യമാക്കി പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

## 1-19 ദുരിതാശ്വാസ നിധി – രേഖകളും രജിസ്ററുകളും പരിശോധനക്ക് ഹാജരാക്കിയില്ല

2003-ലെ കേരള പഞ്ചായത്ത് രാജ് - (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങൾ പ്രകാരം പ്രകൃതി ദുരന്തങ്ങൾ , അത്യാഹിതം മാരാരോഗങ്ങൾ എന്നിവ മൂലം ദുരിതമനുഭവിക്കുന്നവരും പഞ്ചായത്ത് പ്രദേശങ്ങളിൽ നിവസിക്കുന്നവരും നിർധനരുമായ വ്യക്തികൾക്ക് അവരുടെ ദുരിത നിവാരണാർത്ഥം അടിയന്തിര സഹായം നൽകുന്നതിനായി ഒരു ദുരിതാശ്വാസ നിധി രൂപീകരിക്കാവുന്നതാണ്. കലാ-കായിക വിനോദ പരിപാടികൾ സംഘടിപ്പിച്ചും, സംഭാവനകൾ സ്വീകരിച്ചും പ്രസ്തുത നിധിയിലേക്ക് ധനം ശേഖരിക്കാവുന്നതാണ്.നിധിയുടെ വരവുചെലവുകൾ കൈകാര്യം ചെയ്യുന്നതിന് സെക്രട്ടറിയുടെ പേരിൽ വേറിട്ട ഒരു ബാങ്ക് അക്കൗണ്ട് ആരംഭിക്കേണ്ടതും നിധിയിലേക്കുള്ള വരവിന് സെക്രട്ടറിയോ , സെക്രട്ടറി അധികാരപ്പെടുത്തുന്ന ഉദ്യോഗസ്ഥനോ ഒപ്പിട്ട രസീത് നൽകേണ്ടതും അത് അച്ചടിച്ച ഫാറത്തിലായിരിക്കേണ്ടതുമാണ്. നിധിയെ സംബന്ധിച്ച വരവു-ചെലവു കണക്കുകൾ സെക്രട്ടറി അല്ലെങ്കിൽ അദ്ദേഹം ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥൻ ഒരു ക്യാഷ് ബുക്കിൽ സൂക്ഷിക്കേണ്ടതും, നിധിയുമായി ബന്ധപ്പെട്ട രസീതു ബുക്കുകൾ, ബാങ്ക് പാസ്സ് ബുക്ക് , രജിസ്റ്ററുകൾ, അപേക്ഷകൾ എന്നിവ മേൽ പറഞ്ഞ ഉദ്യോഗസ്ഥൻ സൂക്ഷിച്ചു പോരേണ്ടതുമാണ്.
ദുരിതാശ്വാസ നിധി സംബന്ധിച്ച രേഖകൾ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് ( നമ്പർ03/08.12.23 ) ന് മറുപടി സമർപ്പിക്കുകയോ രേഖകൾ ഹാജരാക്കുകയോ ചെയ്തില്ല. ആയതിനാൽ മേൽ പറഞ്ഞ ചട്ടപ്രകാരം ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടുണ്ടെങ്കിൽ രേഖകളും രജിസ്റ്ററുകളും കാലികമാക്കി സൂക്ഷിച്ചു പോരേണ്ടതും സമയാസമയങ്ങളിൽ പരിശോധനക്ക് ലഭ്യമാക്കുകയും ചെയ്യേണ്ടതാണ്. നിധി രൂപീകരിച്ചിട്ടില്ലെങ്കിൽ അക്കാര്യം പരിഗണിക്കേണ്ടതാണ്.

## 1-20 ബയോഡൈജസ്റ്റർ ബിൻ – 3 എണ്ണം വിതരണം ചെയ്തില്ല.

വി.ഇ.ഒ. നിർവഹണോദ്യോഗസ്ഥയായി നപ്പാക്കിയ "ബയോഡൈജസ്റ്റർ ബിൻ വിതരണം " (SO:58/2022-23) എന്ന പ്രൊജക്ട് (അടങ്കൽ തുക തനത് ഫണ്ട് 186720, ഗുണഭോക്തൃ വിഹിതം 30000 )പ്രകാരം തനതു ഫണ്ടിൽ നിന്നും 183520 രൂപയും (ചെക്ക് നം: 2095025 തി: 24.12,2022 ) , ഗുണഭോക്തൃ വിഹിതം 29600 രൂപയും (ചെക്ക് നം: 42233, തി:22.6.2022 )ഉൾപ്പെടെ ആകെ 213120 രൂപ 2022-23 വർഷത്തിൽ ചെലവഴിച്ച് IRTC യിൽ നിന്നും 148 ബയോഡൈജസ്റ്റർ ബിന്നുകൾ വാങ്ങിയിട്ടുണ്ട്. (മുൻ വർഷത്തെ ചെലവ് ഉൾപ്പെടെ ആകെ പദ്ധതി ചെലവ്: 148 X 1800= 266400 ) . ഇതിൽ 3 ബയോഡൈജസ്റ്റർ ബിന്നുകൾ നാളിതു വരെ വിതരണം ചെയ്തില്ല. വിതരണം ചെയ്യാതിരുന്നതിനുള്ള കാരണവും, വിതരണം ചെയ്യാനവശേഷിക്കുന്നവ നിലവിൽ എവിടെയാണ് സൂക്ഷിച്ചിട്ടുള്ളത് എന്ന വിവരവും, ആയത് വിതരണം ചെയ്യുന്നതിന് സ്വീകരിച്ച നടപടികളുടെ വിവരവും ഓഡിറ്റിനെ അറിയിക്കാനാവശ്യപ്പെട്ട് നൽകിയ 16/13.12.2023 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് നൽകിയ മറുപടിയിൽ വിതരണം ചെയ്യാനവശേഷിക്കുന്ന 3 ബയോഡൈജസ്റ്റർ ബിന്നുകൾ വിതരണം ചെയ്യാനുള്ള ഗുണഭോക്താക്കളെ കണ്ടെത്താൻ സാധിച്ചിട്ടില്ലാത്തതിനാലാണ് വിതരണം ചെയ്യാതിരുന്നത് എന്നും, അവ അടുത്ത വർഷത്തെ പദ്ധതിയിലെ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നതായും, ആ മൂന്ന് ഗുണഭോക്താക്കൾ അടച്ച ഗുണഭോക്തൃ വിഹിതം അവർ രസീതുമായി വന്നാൽ അവർക്ക് തിരിച്ചു നൽകുമെന്നും അറിയിച്ചു. ഇതിന്റെ പുരോഗതി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-21 അക്കൗണ്ട് നമ്പർ മാറി സബ്സിഡി തുക നൽകി

കൃഷി ഓഫീസർ നിർവഹണോദ്യോഗസ്ഥനായി നടപ്പാക്കിയ "സമഗ്ര കേരകൃഷി വികസനം" (115/2022-23)അടങ്കൽ തുക 808015(വികസന ഫണ്ട്-ജനറൽ), 555685(ഗുണഭോക്തൃ വിഹിതം)ആകെ 1363700 എന്ന പ്രൊജക്ട് പ്രകാരം വികസന ഫണ്ടിൽ നിന്നും 808015 രൂപ ഗുണഭോക്താക്കൾക്ക് കേരകൃഷിക്ക് സാമ്പത്തിക സഹായം നൽകുന്നതിന്

ചെലവഴിച്ചിട്ടുണ്ട്. ഇതിൽ താഴെ പറയുന്ന ഗുണഭോക്താവിന് സബ്സിഡി അനുവദിച്ചത് അവരുടെ അപേക്ഷയോടൊപ്പം സമർപ്പിച്ച അക്കൌണ്ടിലേക്കല്ല. വിശദ വിവരം ചുവടെ

| ക്രമ നം | ഗുണഭോക്താവിന്റെ പേര്, തുക അനുവദിച്ച അക്കൌണ്ട് നമ്പർ | അനുവദിച്ച സബ്സിഡി തുക | ബിൽ നം |
|---|---|---|---|
| 1 | അബ്ദു., അരിക്കാട്ടേൽ , 006503392028190001 | 270 | 22150452035401369367 തി: 16.3.2023 |
| 2 | മുഹമ്മദ് ഷാഫി, കക്കോട്ട് പുതിയ പുരയിൽ, 006503345203190001 | 3660 | |
| 3 | ആലിക്കുട്ടി, മായിൻമുസ്ലിയാരകത്ത്, 006501958721190001 | 3900 | |
| 4 | നഫീസ , മായിൻമുസ്ലിയാരകത്ത്, 006501958721190001 | 540 | |
| 5 | അബ്ദു, തവയിൽ , 006503042424190001 | 600 | |
| 6 | ഫാത്തിമ, ചൂണ്ടപ്പറമ്പിൽ , 8382052000010642 | 1500 | |
| 7 | ഫാത്തിമ, തൈപ്പറമ്പിൽ കുമ്പീട്ടിൽ, 006501953040190001 | 2220 | |
| 8 | സുലൈഖ, തരകത്ത് , 40122100108538 | 3360 | |

അപേക്ഷയോടൊപ്പം സമർപ്പിച്ച അക്കൌണ്ടിന് പകരം മറ്റു അക്കൌണ്ടിലേക്ക് സബ്സിഡി അനുവദിച്ചതിന് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് കൃഷി ഓഫീസർക്ക് 24/13.12.2023 നമ്പർ ഓഡിറ്റ് എൻക്വയറി നൽകിയതിനെ തുടർന്ന് ഏതാനും ഗുണഭോക്താക്കളുടെ അക്കൌണ്ടുകളുടെ പാസ് ബുക്ക് കോപ്പി ഓഡിറ്റിന് ലഭ്യമാക്കി. അവശേഷിക്കുന്ന മേൽ സൂചിപ്പിച്ച ഗുണഭോക്താക്കളുടെ പ്രസ്തുത അക്കൌണ്ടുകളുടെ പാസ് ബുക്ക് കോപ്പി കൂടി ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-22 ലൈഫ് ഭവന പദ്ധതി- അഡ്വാൻസ് തുക മാത്രം കൈപ്പറ്റിയ ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം- പുരോഗതി വിവരം ലഭ്യമല്ല.

പ്രൊജക്ട് നം.67/23
ലൈഫ് ഭവന പദ്ധതി (ജനറൽ)
അടങ്കൽ -4105600(വികസന ഫണ്ട് ജനറൽ ), 2000000(സംസ്ഥാനാവിഷ്കൃതം), 600000(ബ്ലോക്ക് പഞ്ചായത്ത്), 10000000(ജില്ലാ പഞ്ചായത്ത്), 20000000(മറ്റുള്ളവർ)-ആകെ 60105600/-
ചെലവ് -2905600(വികസന ഫണ്ട് ജനറൽ ), 8140000(സംസ്ഥാനാവിഷ്കൃതം), 500000(ബ്ലോക്ക് പഞ്ചായത്ത്), 1360000(മറ്റുള്ളവർ)-ആകെ 12905600/-

വി.ഇ.ഒ. നിർവഹണോദ്യോഗസ്ഥനായി നടപ്പിലാക്കി വരുന്ന "ലൈഫ് ഭവന പദ്ധതി-ജനറൽ " പ്രകാരം ഭവന നിർമ്മാണത്തിന് എഗ്രിമെന്റ് വെച്ച് അഡ്വാൻസ് തുക മാത്രം കൈപ്പറ്റിയ താഴെ പറയുന്ന ഗുണഭോക്താക്കളുടെ ഭവന നിർമ്മാണത്തിൽ നാളിതു വരെ യാതൊരു പുരോഗതിയും ഉണ്ടായിട്ടില്ല എന്നാണ് ലൈഫ് ഭവന പദ്ധതി രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും ഓഡിറ്റിന് ബോധ്യപ്പെട്ടത്. വിശദ വിവരം ചുവടെ

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയ ആകെ തുക | ബിൽ റഫറൻസ് നമ്പർ/ തിയ്യതി |
|---|---|---|---|

| | | | |
|---|---|---|---|
| 1 | റഹീന തെഞ്ചീരി വളപ്പിൽ | 40,000 | 22150452035901573572 /31.3.2023 |
| 2 | റുക്കിയ ബാവ, മനക്കൽ പടി | 40,000 | 22150452035901551755 /29.3.2023 |
| 3 | ലതിക ബാബു, വാലൻ തറയിൽ | 40,000 | 22150452035901449050/23.3.2023 |

പ്രസ്തുത ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം പൂർത്തികരിക്കാൻ സ്വീകരിച്ച നടപടികൾ ഓഡിറ്റിനെ അറിയിക്കാനാവശ്യപ്പെട്ട് വി.ഇ.ഒ. ക്ക് നൽകിയ 18/13.12.2023 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് നൽകിയ മറുപടിയിൽ , പ്രസ്തുത ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതിന് നടപടികൾ സ്വീകരിച്ച് വരുന്നതായി അറിയിച്ചു. നടപടികളുടെ പുരോഗതി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-23 ക്രാഷ് കാർട്ട് - അധികം നൽകിയ 1561 രൂപ തിരികെ ഈടാക്കിയില്ല.

മെഡിക്കൽ ഓഫീസർ, (PHC) നിർവ്വഹണ ഉദ്യോഗസ്ഥനായ " ഉപകേന്ദ്രങ്ങളിൽ ഹെൽത്ത് ആന്റ് വെൽനസ് പ്രവർത്തനങ്ങൾ " എന്ന പദ്ധതിയുടെ (174/2022-23) ഭാഗമായി ക്രാഷ് കാർട്ട് വാങ്ങുന്നതിന് ഹെൽത്ത് ഗ്രാന്റിൽ നിന്ന് നിന്ന് 23863രൂപ (വൌച്ചർ നം: 22200968/ 15.3.2023) കെ.എം.എസ്.സി.എൽ എന്ന സ്ഥാപനത്തിൽ അടവാക്കിയിട്ടുണ്ട്. എന്നാൽ KMSCL ൽ നിന്നും ലഭ്യമാക്കിയ Tax Invoice പ്രകാരം ആയതിന്റെ വില 22302 രൂപയാണ്. ആയത് പ്രകാരം അധികം നൽകിയ 1561 രൂപ തിരികെ ഈടാക്കിയിട്ടുണ്ടെങ്കിൽ വിവരം ഓഡിറ്റിനെ അറിയിക്കാനാവശ്യപ്പെട്ട് മെഡിക്കൽ ഓഫീസർ, പി.എച്.സി. ക്ക് നൽകിയ 21/13.12.2023 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിയിട്ടില്ല. അധികം നൽകിയ 1561 രൂപ തിരികെ ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-24 അഡ്വാൻസ് നൽകിയ തുകക്കുള്ള മരുന്ന് ഇനിയും ലഭ്യമാവാനവശേഷിക്കുന്നു.

എ) പി.എച്.സി.- മരുന്ന് ലഭ്യമായിട്ടില്ല.

മെഡിക്കൽ ഓഫീസർ, (PHC) നിർവ്വഹണ ഉദ്യോഗസ്ഥനായ " പി.എച്.സി.യിലേക്ക് മരുന്ന് വാങ്ങൽ " എന്ന പദ്ധതി(75/2022-23) പ്രകാരം മരുന്ന് വാങ്ങുന്നതിന് മെയിന്റനൻസ് ഫണ്ടിൽ നിന്ന് 300,000രൂപ (ബിൽ റഫറൻസ് നം: 22150452035700908937/ 14.12.2022, തുക: 240,000) (ബിൽ റഫറൻസ് നം: 22150452035700908982/ 18.1.2023, തുക: 60,000) , കെ.എം.എസ്.സി.എൽ എന്ന സ്ഥാപനത്തിൽ അടവാക്കിയിട്ടുണ്ട്. എന്നാൽ നാളിതുവരെ 159846 രൂപയുടെ മാത്രമേ ലഭ്യമായിട്ടുള്ളൂ.

| | ഇൻവോയ്സ്/തീയതി | തുക |
|---|---|---|
| ലഭ്യമായത് | 11516(5.7.23) | 9681 |
| | 7633(3-06-2023) | 1798 |
| | 6810(16-05-2023) | 6810 |
| | 3074(11-05-2023) | 11572 |
| | 20042(01-11-2023) | 4973 |
| | 14467(28-07-2023) | 23407 |
| | 12704(13-07-2023) | 4541 |
| | 2750(09-05-2023) | 2083 |
| | 2235(06-05-2023) | 3360 |
| | 27306(20-03-2023) | 44357 |

| | | |
|---|---|---|
| | 23301(16-01-2023) | 11088 |
| | 2244(07-01-2023) | 9856 |
| | 22100(06-01-2023) | 6160 |
| | 21981(05-01-2023) | 9408 |
| | 21828(02-01-2023) | 7728 |
| | 21729(02-01-2023) | 3024 |
| ആകെ | | 159846 |

140154 രൂപയുടെ മരുന്ന് ഇനിയും ലഭ്യമാവാൻ അവശേഷിക്കുന്നു. അവശേഷിക്കുന്ന മരുന്ന് ലഭ്യമാക്കാൻ സ്വീകരിച്ച നടപടികൾ ഓഡിറ്റിനെ അറിയിക്കാനാവശ്യപ്പെട്ട് മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. ക്ക് നൽകിയ 19/13.12.2023 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിയിട്ടില്ല. അഡ്വാൻസ് നല്കിയ തുകയുടെ മരുന്ന് പൂർണ്ണമായി ലഭ്യമാക്കി സ്റ്റോക്കിൽ ചേർത്ത് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

ബി) പരിരക്ഷ- മരുന്ന് ലഭ്യമായിട്ടില്ല.

മെഡിക്കൽ ഓഫീസർ, (PHC) നിർവ്വഹണ ഉദ്യോഗസ്ഥനായ " പരിരക്ഷ-പാലിയേറ്റീവ് കെയർ " എന്ന പദ്ധതി(19/2022-23) പ്രകാരം പാലിയേറ്റീവ് രോഗികൾക്കുള്ള മരുന്ന് വാങ്ങുന്നതിന് തനതു ഫണ്ടിൽ നിന്ന് 150,000രൂപ (ചെക്ക് നം: 44422/ 15.3.2023 ) കെ.എം.എസ്.സി.എൽ എന്ന സ്ഥാപനത്തിൽ അടവാക്കിയിട്ടുണ്ട്. എന്നാൽ നാളിതുവരെ 103124 രൂപയുടെ മാത്രമേ ലഭ്യമായിട്ടുള്ളൂ.

| | | | |
|---|---|---|---|
| ചെലവ് | 150000 | ബാലൻസ് | 46876 |
| ഇൻവോയ്സ് | 19179(07-10-2023) | 7130 | |
| | 21125(20-11-2023) | 9005 | |
| | 21729(25-11-2023) | 37597 | |
| | 22388(01-12-2023) | 49392 | |
| | | 103124 | |

46876 രൂപയുടെ മരുന്ന് ഇനിയും ലഭ്യമാവാൻ അവശേഷിക്കുന്നു. അവശേഷിക്കുന്ന മരുന്ന് ലഭ്യമാക്കാൻ സ്വീകരിച്ച നടപടികൾ ഓഡിറ്റിനെ അറിയിക്കാനാവശ്യപ്പെട്ട് മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. ക്ക് നൽകിയ 23/13.12.2023 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിയിട്ടില്ല. അഡ്വാൻസ് നല്കിയ തുകയുടെ മരുന്ന് പൂർണ്ണമായി ലഭ്യമാക്കി സ്റ്റോക്കിൽ ചേർത്ത് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

സി) കിഡ്നി രോഗികൾക്കുള്ള മരുന്ന് പൂർണ്ണമായും ലഭ്യമായിട്ടില്ല.

മെഡിക്കൽ ഓഫീസർ, (PHC) നിർവ്വഹണ ഉദ്യോഗസ്ഥനായ " കിഡ്നി രോഗികൾക്ക് മരുന്ന് വാങ്ങൽ " എന്ന പദ്ധതി(74/2022-23) പ്രകാരം മരുന്ന് വാങ്ങുന്നതിന് മെയിന്റനൻസ് ഫണ്ടിൽ നിന്ന് 199911രൂപ (ബിൽ റഫറൻസ് നം: 221504520357009 08982/ 14.12.2022, ) കെ.എം.എസ്.സി.എൽ എന്ന സ്ഥാപനത്തിൽ അടവാക്കിയിട്ടുണ്ട്. എന്നാൽ നാളിതുവരെ 176583 രൂപയുടെ മാത്രമേ ലഭ്യമായിട്ടുള്ളൂ.

| | | | |
|---|---|---|---|
| ലഭ്യമായത് | 14070(26-07-2023) | 111240 | ബാലൻസ്-23328 |
| | 5988(02-05-2023) | 45158 | |
| | 5987(25-05-2023) | 20185 | |
| | | 176583 | |

23328 രൂപയുടെ മരുന്ന് ഇനിയും ലഭ്യമാവാൻ അവശേഷിക്കുന്നു. അവശേഷിക്കുന്ന മരുന്ന് ലഭ്യമാക്കാൻ സ്വീകരിച്ച നടപടികൾ ഓഡിറ്റിനെ അറിയിക്കാനാവശ്യപ്പെട്ട് മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. ക്ക് നൽകിയ 20/13.12.2023 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിയിട്ടില്ല. അഡ്വാൻസ് നല്കിയ തുകയുടെ മരുന്ന് പൂർണ്ണമായി ലഭ്യമാക്കി സ്റ്റോക്കിൽ ചേർത്ത് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-25 പ്രിന്റർ &സ്കാനർ വാങ്ങിയ രേഖകൾ ഹാജരാക്കിയിട്ടില്ല.

മെഡിക്കൽ ഓഫീസർ, (PHC) നിർവ്വഹണ ഉദ്യോഗസ്ഥനായ " ഉപകേന്ദ്രങ്ങളിൽ ഹെൽത്ത് ആന്റ് വെൽനസ് പ്രവർത്തനങ്ങൾ " എന്ന പദ്ധതിയുടെ അടങ്കൽ- 268846 (174/2022-23) ഭാഗമായി KELTRONൽ നിന്നും പ്രിന്റർ &സ്കാനർ വാങ്ങുന്നതിന് ഹെൽത്ത് ഗ്രാന്റിൽ നിന്ന് നിന്ന് 35040 രൂപ (വൌച്ചർ നം: 22201068/ 31.3.2023) PHC മാറഞ്ചേരിയുടെ 17060100013445 നമ്പർ അക്കൌണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. എന്നാൽ തുക KELTRON ന് കൈമാറിയതിന്റെ രേഖകൾ, സാധനം വാങ്ങിയതിന്റെ ബിൽ , സ്റ്റോക്കിലെയുത്തതിന്റെ വിവരം എന്നിവ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. ആയത് ഹാജരാക്കാനാവശ്യപ്പെട്ട് മെഡിക്കൽ ഓഫീസർ, പി.എച്.സി. ക്ക് നൽകിയ 22/13.12.2023 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിയിട്ടില്ല. തുക KELTRON ന് കൈമാറിയതിന്റെ രേഖകൾ, സാധനം വാങ്ങിയതിന്റെ ബിൽ , സ്റ്റോക്കിലെയുത്തതിന്റെ വിവരം എന്നിവ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്. രേഖകൾ ഹാജരാക്കുന്നത് വരെ ചെലവ് തുക 35040 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 1-26 KSEBയിൽ നിക്ഷേപിച്ച തുക – വിനിയോഗ സാക്ഷ്യ പത്രം ലഭ്യമാക്കേണ്ടതാണ്

I. 2022-23 സാമ്പത്തിക വർഷത്തിൽ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ സ്ട്രീറ്റ് മെയിൻ വലിക്കുന്നതിനു വേണ്ടി മാറഞ്ചേരി KSEB ക്ക് താഴെ പറയും വിധം തുക നൽകിയിട്ടുണ്ട്.

| | |
|---|---|
| 1. പ്രൊജക്ട് നമ്പർ | SO 130/23 |
| പ്രൊജക്ടിന്റെ പേര് | **സ്ട്രീറ്റ് മെയിൻ വലിക്കൽ** |
| അടങ്കൽ തുക<br>വികസന ഫണ്ട്<br>ധനകാര്യക്കമ്മീഷൻ ഗ്രാന്റ് | <br>3726214/-<br>340740/- |
| വികസന ഫണ്ട്<br><br>ചെലവ്<br><br>CFC | (A) 1726214/-<br>BRN-22150452001000845486/ 29.11.2022<br>(B) **2000000/-**<br>22150452001000845490/ 29.11.2022<br>**(C) 245190/-**<br>(BIll No.131/28.11.2022<br>**(D) 95050/-**<br>(BIll No.130/28.11.2022<br>**ആകെ- 4066454/-** |

II. വിവിധ സ്ഥലങ്ങളിൽ നിന്നും ഇലക്ട്രിക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുന്നതിനു വേണ്ടി തനത് ഫണ്ടിൽ നിന്ന് താഴെ പറയും വിധം KSEB ക്ക് തുക നൽകിയട്ടുണ്ട്

| ക്രമനം | പ്രൊജ.നം പേര്,ഫണ്ടിനം | ചെലവ് | തുക | ലഭ്യമാക്കേണ്ട രേഖകൾ |
|---|---|---|---|---|
| 1 | ഇലക്ട്രിക് പോസ്റ്റ് മാറ്റൽ ( തനത് ഫണ്ട് ചെലവ് ) KSEB മാറഞ്ചേരി | വൗച്ചർ നമ്പർ 22200856/22.02.23 | 93794/- | തുകയുടെ വിനിയോഗസാക്ഷ്യ പത്രം |

| | | | | |
|---|---|---|---|---|
| | സെക്ഷന് നൽകിയ തുക | | | |
| 2 | Proj.No142/23 അടങ്കൽ- 329472 ( തനത്ഫണ്ട് ) ഇലക്ട്രിക് പോസ്റ്റ് മാറ്റൽ KSEB മാറഞ്ചേരി സെക്ഷന് നൽകിയ തുക | 22200855/17.02.23<br>22200701/02.12.22 | 79217/-<br>35203/- | തുകയുടെ വിനിയോഗസാക്ഷ്യ പത്രം |

മേൽ പട്ടിക (1) ൽ പറഞ്ഞ തുകയുടെ വിനിയോഗ / പൂർത്തീകരണ സാക്ഷ്യപത്രം പരിശോധനക്ക് ലഭ്യമാക്കാനാവശ്യപ്പെട്ടുകൊണ്ട് നൽകിയ **08-12-2023 ലെ** 2-ാം നമ്പർ അന്വേഷണക്കുറിപ്പിന് 14.12.2023 തീയ്യതിയിൽ സമർപ്പിച്ച A6-5812 /23 നമ്പർ മറുപടിയിൽ , പ്രസ്തുത പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ലെന്നും അതിനു ശേഷം വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. പട്ടിക (2) ൽ പറഞ്ഞ തുകയുടെ വിനിയോഗസാക്ഷ്യപത്രം ആവശ്യപ്പെട്ടു കൊണ്ട് നൽകിയ 11.12.2023 -ലെ 10ാം നമ്പർ അന്വേഷണക്കുറിപ്പിന് മറുപടി നൽകിയില്ല. ആയതിനാൽ വിനിയോഗ സാക്ഷ്യ പത്രം ഹാജരാക്കുന്നത് വരെ മേൽ പറഞ്ഞ രണ്ടിനത്തിൽ കൈമാറിയ ആകെ തുക **4274668/- രൂപയുടെ ചെലവ്** ഓഡിറ്റിൽ **തടസ്സം ചെയ്യുന്നു.**

## 1-27 പട്ടിക ജാതി വിഭാഗത്തിൽ പെട്ട വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് വിതരണം- അർഹത ഉറപ്പുവരുത്താതെ നൽകിയ ധനസഹായം തടസ്സപ്പെടുത്തുന്നു.

2022-23 സാമ്പത്തിക വർഷത്തിൽ പട്ടിക ജാതി വിഭാഗത്തിൽ പെട്ട വിദ്യാർത്ഥികൾക്ക് സ്കോഷർഷിപ്പ് വിതരണം എന്ന പ്രൊജക്ട് നിർവഹണത്തിനു വേണ്ടി തെരഞ്ഞെടുക്കപ്പെട്ടുകയും സാമ്പത്തികാനുകൂല്യം കൈപ്പറ്റുകയും ചെയ്തു ഗുണഭോക്താക്കളിൽ ചിലർക്ക് സബ്സിഡി മാനദണ്ഡങ്ങൾപ്രകാരമുള്ള അർഹതയില്ലെന്ന് കാണുന്നു. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

***പ്രൊജക്ട് വിശദാംശങ്ങൾ***

| | |
|---|---|
| പ്രൊജക്ട് നമ്പർ | 68/2023 |
| പ്രൊജക്ടിന്റെ പേര് | പട്ടിക ജാതി വിഭാഗത്തിൽ പെട്ട കുട്ടികൾക്ക് ഉന്നത പഠനത്തിന് സ്കോളർഷിപ്പ് |
| അടങ്കൽ തുക, ഫണ്ടിനം | 665000/- വികസന ഫണ്ട് SCP |
| ചെലവ് 665000/- | **(1) 200000/-** (BRN-2215045203040085527/02.12.2022)<br>**(2) 195000/-** (BRN-22150452030400902619/13.12.2022)<br>**(3) 255000/-** (BRN-22150452030401378659/16.03.2023)<br>**(4) 15000/-** (BRN-22150452030401378685/16.03.2023) |
| നിർവഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |

അപേക്ഷകരുടെ എണ്ണം കൂടുതലായതിനാൽ ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ട യോഗ്യരായ ഗുണഭോക്താക്കളിൽ നിന്നും,

മെഡിക്കൽ/ ബിരുദാനന്തര വിദ്യാർത്ഥികൾക്ക് 25000രൂപ, എഞ്ചിനീയറിംഗ് വിദ്യാർത്ഥികൾക്ക് 20000 രൂപ, ബിരുദം വിദ്യാർത്ഥികൾക്ക് 15000രൂപ, പോളിടെക്നിക്/ഐ.ടി.ഐ, 15000/- രൂപ എന്നിങ്ങനെ തുക നൽകുന്നതിനാണ് 24.11.2022-ലെ 1(10) നമ്പർ പ്രകാരം മാറഞ്ചേരി ഗ്രാമ പഞ്ചായത്ത് ഭരണ സമിതി തീരുമാനമെടുത്തിട്ടുള്ളത്. അതനുസരിച്ച് തുക വിതരണം ചെയ്തു താഴെ പറയുന്ന ഗുണഭോക്താക്കൾ സബ്സിഡി മാർഗ

രേഖ പ്രകാരം യോഗ്യരല്ലെന്ന് കാണുന്നു. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമനം | ഗുണഭോക്താവിന്റെപേരും വിലാസവും | കോഴ്സ്, പഠിക്കുന്ന സ്ഥാപനം | കൈപ്പറ്റിയ തുക | യോഗ്യത സംബന്ധിച്ച അപാകത |
|---|---|---|---|---|
| 1 | ജിനോയ് ബാബു. കെ.<br>S/O ബാബു.കെ<br>കുണ്ടുകടവ് വീട്,<br>കാഞ്ഞിരമുക്ക് | മെക്കാനിക്കൽ റെഫ്രിജറേഷൻ & എയർ കണ്ടീഷനിംഗ്- ഏകവർഷ ഡിപ്ലോമ കോഴ്സ്<br>SSMPT കോളേജ്, തിരൂർ | 10000/-<br>A/C No. 0756101051883<br>(CNR) | തിരൂരിലെ സീതി സാഹിബ് മെമ്മോറിയൽ പോളിടെക്നിക് കോളേജിന്റെ കാനഡാ-ഇന്ഡ്യാ ഇൻസ്റ്റിറ്റ്യൂഷണൽ കോ-ഓപ്പറേഷൻ പ്രൊജക്ടിന്റെ കണ്ടിന്യൂയിംഗ് എഡ്യൂക്കേഷൻ എന്ന വിഭാഗം നടത്തുന്ന മെക്കാനിക്കൽ റെഫ്രിജറേഷൻ & എയർ കണ്ടീഷനിംഗ് എന്ന ഏകവർഷ ഡിപ്ലോമ കോഴ്സ് പഠിക്കുന്ന വിദ്യാർത്ഥിയാണ്, ഗുണഭോക്താവ് . **ഈ കോഴ്സിന്റെ അടിസ്ഥാന യോഗ്യത SSLCയാണ്.**<br>പതിനാലാം പഞ്ചവത്സര പദ്ധതി സബ്സിഡി മാർഗ്ഗ രേഖ സ.ഉ. (കൈ) നം 115/2022/LSGD/തീ. 28.05.2022 ഉപഖണ്ഡിക 7.2.4 പ്രകാരം +2 വിനു ശേഷമുള്ള അംഗീകൃത റഗുലർ കോഴ്സുകൾക്ക് മാത്രമേ സ്കോളർഷിപ്പിന് അർഹതയുള്ളൂ. |
| 2 | അനുരാഗ് VT<br>S/O മോഹനൻ VT,<br>വാലൻതറയിൽ വീട്,<br>കാഞ്ഞിരമുക്ക് പി.ഒ<br>I/195 | | 10000/-<br>A/C No. 17060100062202 ( FDRL) | തിരൂരിലെ സീതി സാഹിബ് മെമ്മോറിയൽ പോളിടെക്നിക് കോളേജിന്റെ കാനഡാ-ഇന്ഡ്യാ ഇൻസ്റ്റിറ്റ്യൂഷണൽ കോ-ഓപ്പറേഷൻ പ്രൊജക്ടിന്റെ കണ്ടിന്യൂയിംഗ് എഡ്യൂക്കേഷൻ എന്ന വിഭാഗം നടത്തുന്ന മെക്കാനിക്കൽ റെഫ്രിജറേഷൻ & എയർ കണ്ടീഷനിംഗ് എന്ന ഏകവർഷ ഡിപ്ലോമ കോഴ്സ് പഠിക്കുന്ന വിദ്യാർത്ഥിയാണ് ഗുണഭോക്താവ് . **ഈ കോഴ്സിന്റെ അടിസ്ഥാന യോഗ്യത SSLCയാണ്.**<br>പതിനാലാം പഞ്ചവത്സര പദ്ധതി സബ്സിഡി മാർഗ്ഗ രേഖ സ.ഉ. (കൈ) നം 115/2022/LSGD/തീ. 28.05.2022 ഉപഖണ്ഡിക 7.2.4 പ്രകാരം +2 വിനു ശേഷമുള്ള അംഗീകൃത റഗുലർ കോഴ്സുകൾക്ക് മാത്രമേ സ്കോളർഷിപ്പിന് അർഹതയുള്ളൂ. |
| 3 | നവ്യ TM<br>D/O കുമാരൻ TM, | DMLT<br>കനോലി | 10000/-<br>A/C No. | (1)കേന്ദ്ര- സംസ്ഥാന സർക്കാറുകളുടേയോ സർക്കാർ ചുമതലപ്പെടുത്തിയ |

| | | | | |
|---|---|---|---|---|
| | തോട്ടു മുഖത്ത് വീട്, കാഞ്ഞിരമുക്ക് പി.ഒ | ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാന്സ്ഡ് ടെക്നോളജീസ് പൊന്നാനി | 17060100085633 (FDRL) | ഏജൻസികളുടേയോ അംഗീകാരമില്ലാത്ത സ്വകാര്യ സ്ഥാപനം.<br>(2)അഫിലിയേഷൻ രേഖകളോ അംഗീകൃത കോഴ്സാണെന്നതിനുള്ള തെളിവു രേഖകളോ ഹാജരാക്കിയിട്ടില്ല.<br>സർക്കാർ /സർവകലാശാലാ അംഗീകാരമുള്ള പരിക്ഷയെഴുതിയതായ രേഖകൾ ഇല്ല. കോഴ്സ് പൂർത്തിയാക്കിയ രേഖകളും ഹാജരാക്കിയിട്ടില്ല<br>(3) ടി സ്ഥാപനം നിലവിൽ പ്രവർത്തിക്കുന്നില്ല. |
| 4 | അശ്വതി OS,<br>D/O ശ്രീനിവാസൻ OV,<br>ഒവ്വാട്ട് വീട്, പനമ്പാട് പുറങ്ങ് പി.ഒ | MBA<br>(2020-2022)<br>സ്കൂൾ ഓഫ് മാനേജ്മെന്റ് ആന്റ് ബിസിനസ്സ് സ്റ്റഡീസ് മഹാത്മാ ഗാന്ധി യൂണിവേഴ്സിറ്റി , കോട്ടയം | 25000/-<br>SIB A/C No.<br>0594053000010074 | സ്കൂൾ ഓഫ് മാനേജ്മെന്റ് ആന്റ് ബിസിനസ്സ് സ്റ്റഡീസ് മഹാത്മാ ഗാന്ധി യൂണിവേഴ്സിറ്റി , പ്രിൻസിപ്പൽ നൽകിയ 29.11.2022 തീയ്യതിയിലെ സാക്ഷ്യപത്രം പ്രകാരം **ഗുണഭോക്താവ് പഠിച്ചിരുന്ന (MBA 2020-22) എന്ന ദ്വിവർഷ കോഴ്സ് 2021-22 വർഷത്തിൽ അവസാനിച്ചതായി പ്രിൻസിപ്പൽ സാക്ഷ്യപ്പെടുത്തിയിട്ടുള്ളതിനാൽ 2022-23 വർഷത്തിൽ ടിയാൾക്ക് സ്കോളർഷിപ്പിന് അർഹതയില്ല.**<br>( അഡ്മിഷൻ നമ്പർ 22MBA 2018) |
| 5 | വിസ്മയ കെ.ആർ,<br>D/O രാജൻ കെ.വി,<br>പെരിങ്ങോട്ട് വീട്,<br>പനമ്പാട് പുറങ്ങ് P.O | ആര്യഭട്ട കോളേജ്, ഗുരുവായൂർ<br>BA ഇംഗ്ലീഷ്, IIIYear | 15000/-<br>A/c NO.<br>24900100013442 (BARB) | (1) പഠിച്ച സ്ഥാപനം കേന്ദ്ര-സംസ്ഥാന സർക്കാറുകളുടേയോ സർക്കാർ ചുമതലപ്പെടുത്തിയ ഏജൻസികളുടേയോ അംഗീകാരം/അഫിലിയേഷൻ ഇല്ലാത്ത സ്വകാര്യ സ്ഥാപനം.<br>(2) ഗുണഭോക്താവ് സർക്കാർ /സർവകലാശാലാ അംഗീകാരമുള്ള പരിക്ഷയെഴുതിയ . രേഖകളും ഹാജരാക്കിയിട്ടില്ല |
| 6 | നന്ദ .പി.<br>D/o മനോജ് കുമാർ,<br>പനമ്പാട്ട് വീട്,<br>പനമ്പാട്,<br>മാറഞ്ചേരി | ഡിപ്ലോമ ഇൻ റേഡിയോളജി ആന്റ് ഇമേജിംഗ് ടെക്നോളജി<br>( രണ്ടാം വർഷം)<br>എംപയർ കോളേജ് ഓഫ് സയൻസ് , കുറ്റിപ്പുറം, മൂടാൽ, മലപ്പുറം ജില്ല | 15000/-<br>A/C No.<br>17060100097299 (FDRL) | (1) പഠിച്ച സ്വകാര്യ സ്ഥാപനത്തിന് കേന്ദ്ര- സംസ്ഥാന സർക്കാറുകളുടേയോ, അംഗീകൃത സർവകലാ ശാലകളുടേയോ അംഗീകാരമോ അഫിലിയേഷനോ ഇല്ല.<br>(2) പഠിച്ചിരുന്ന കോഴ്സ് മേൽ പറഞ്ഞ ഏജൻസികൾ അംഗീകരിച്ചതാണെന്നതിനുള്ള തെളിവുകളും ഇല്ല.<br>(3) ടി കോഴ്സ് സംസ്ഥാനത്തിനു പുറത്തുള്ള സർക്കാർ അംഗീകൃത സർവകലാശാലകളിലെ റഗുലർ കോഴ്സും |

| | | | | |
|---|---|---|---|---|
| | | | | അല്ല. |
| 7 | ഹരികൃഷ്ണ. ടി<br>S/O ഹരിദാസൻ. ടി<br>തുറവാണത്ത് വീട്,<br>കാഞ്ഞിരമുക്ക്. പി.ഒ,<br>മാറഞ്ചേരി | (DMLT ഒന്നാം വർഷം)<br>കനോലി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് ടെക്നോളജീസ് പൊന്നാനി | 10000/-<br>006503680302190501<br>CSB | (1)കേന്ദ്ര- സംസ്ഥാന സർക്കാറുകളുടേയോ സർക്കാർ ചുമതലപ്പെടുത്തിയ ഏജൻസികളുടേയോ അംഗീകാരമില്ലാത്ത സ്വകാര്യ സ്ഥാപനം.<br>(2)അഫിലിയേഷൻ രേഖകളോ അംഗീകൃത കോഴ്സാണെന്നതിനുള്ള തെളിവ് രേഖകളോ ഹാജരാക്കിയിട്ടില്ല.<br>(3)സർക്കാർ /സർവകലാശാലാ അംഗീകാരമുള്ള പരിക്ഷയെഴുതിയതായ രേഖകൾ ഇല്ല. കോഴ്സ് പൂർത്തിയാക്കിയ രേഖകളും ഹാജരാക്കിയിട്ടില്ല<br>(4) ടി സ്ഥാപനം നിലവിൽ പ്രവർത്തിക്കുന്നില്ല. |
| 8 | നന്ദന. വി.എസ്.<br>D/O സുധാകരൻ VA,<br>വാഴങ്ങിൽ വീട്, മുക്കാല,<br>മാറഞ്ചേരി | B.Com<br>(4th Semester)<br>മേഴ്സി കോളേജ് , ഗുരുവായൂർ | 15000/-<br>A/C No.<br>SBIN33065443080 | 1)കേന്ദ്ര- സംസ്ഥാന സർക്കാറുകളുടേയോ സർക്കാർ ചുമതലപ്പെടുത്തിയ ഏജൻസികളുടേയോ അംഗീകാരമില്ലാത്ത/അഫിലിയേഷൻ ഇല്ലാത്ത സ്വകാര്യ സ്ഥാപനം.<br>(2) അഫിലിയേഷൻ രേഖകളില്ല<br>(3) സർക്കാർ /സർവകലാശാലാ അംഗീകാരമുള്ള പരിക്ഷയെഴുതിയതായ രേഖകൾ ഇല്ല. |

അപാകതകളിൽ വിശദീകരണമാവശ്യപ്പെട്ടുകൊണ്ട് നൽകിയ 13.12.23 തീയ്യതിയിലെ 14-ാം നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് താഴെ പറയും പ്രകാരം മറുപടി നൽകി.

I. മേൽ പട്ടികയിലെ ക്രമനം. (1),(2), ഗുണഭോക്താക്കൾ പഠിച്ച കോഴ്സിന്റെ അടിസ്ഥാന യോഗ്യത SSLC യാണെങ്കിലും ഇവർ +2 പഠനം പൂർത്തിയാക്കിയതിനു ശേഷമാണ് ഈ കോഴ്സ് പൂർത്തിയാക്കിയിട്ടുള്ളത് . അതിന്റെ രേഖകൾ ലഭ്യമാക്കുന്ന മുറയ്ക്ക് ഓഡിറ്റിന് ഹാജരാക്കുന്നതാണ്.

II. ക്രമനം. (3) (5), (6), (7), (8) ഗുണഭോക്താക്കളോട് സ്ഥാപനത്തിന്റേയും കോഴ്സിന്റെയും അംഗീകാരം സംബന്ധിച്ച രേഖകൾ ആവശ്യപ്പെട്ടിട്ടുണ്ട്. അവ ഹാജരാക്കുന്നമുറയ്ക്ക് ഓഡിറ്റിന് ഹാജരാക്കുന്നതാണ്.

III. ക്രമനം. (4) ) ഗുണഭോക്താവിനോട് പരാമർശ വിഷയം അറിയിക്കുന്നതും അനർഹമായി തുക കൈപ്പറ്റിയിട്ടുണ്ടെങ്കിൽ അത് ഈടാക്കാൻ നടപടി സ്വീകരിക്കുന്നതുമാണ്.

മേൽ പറഞ്ഞ പട്ടികയിൽ ക്രമ നമ്പർ (4) ഗുണഭോക്താവായ അശ്വതി.ഒ.എസ്, ശ്രീനിവാസൻ, ഒവ്വാട്ട് വീട്, പനമ്പാട്, പുറങ്ങ് (പി.ഒ). എന്നയാൾക്ക് നൽകിയ 25000 രൂപ നിരാകരിക്കുന്നു. ടി തുക ഗുണഭോക്താവിൽ നിന്നോ, അല്ലാത്തപക്ഷം ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കി വികസന ഫണ്ടിലൊടുക്കേണ്ടതാണ് (വിശദാംശങ്ങൾ ഖണ്ഡിക 3-1ൽ ഉൾപ്പെടുത്തിയിട്ടുണ്ട്). മേൽ പറഞ്ഞ ബാക്കി ഗുണഭോക്താക്കളുടെ ധനസഹായത്തിനുള്ള അർഹതയും യോഗ്യതയും തെളിയിക്കുന്ന സബ്സിഡി മാർഗ്ഗ രേഖ പ്രകാരമുള്ള, ആധികാരികമായ രേഖകൾ ഹാജരാക്കുന്നത് വരെ ഈയിനത്തിൽ ചെലവഴിച്ച 85000/- രൂപയുടെ ചെലവ് തടസ്സം ചെയ്യുന്നു. രേഖകൾ ഹാജരാക്കാത്ത പക്ഷം കൈപ്പറ്റിയ തുക ഗുണഭോക്താക്കളിൽ നിന്നോ അല്ലാത്ത പക്ഷം ചെലവിനുത്തരവാദിയായ അസിസ്റ്റന്റ് സെക്രട്ടറിയിൽ നിന്നോ ഈടാക്കി വികസന ഫണ്ടിലൊടുക്കേണ്ടതാണ്.

## 1-28 2022-23 സാമ്പത്തിക വർഷത്തിൽ സെക്രട്ടറിയുടെ പ്രൊജക്റ്റ് നിർവഹണം, തനത് ഫണ്ടിൽ നിന്നുള്ള ചെലവുകൾ - രേഖകൾ ഹാജരാക്കിയില്ല ചെലവു തുക തടസ്സപ്പെടുത്തുന്നു.

2022-23 സാമ്പത്തിക വർഷത്തിൽ സെക്രട്ടറിയുടെ പ്രൊജക്റ്റ് നിർവഹണം, തനത് ഫണ്ടിൽ നിന്നുള്ള ചെലവുകൾ എന്നിവയുമായി ബന്ധപ്പെട്ട താഴെ പറയുന്ന രേഖകൾ പരിശോധനക്ക് ലഭ്യമായില്ല. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ | പ്രൊജക്റ്റ് നമ്പറും | വൗച്ചർ/ബിൽ | ചെലവു | ഹാജരാക്കേണ്ട |
|---|---|---|---|---|

| നം. | പേരും | നമ്പർ/ തീയതി | തുക | രേഖകൾ |
|---|---|---|---|---|
| 1 | Proj. No. 146/23- സ്പെക്ട്രം സ്കൂൾ നടത്തിപ്പിന് ബ്ലോക്ക് പഞ്ചായത്തിന് വിഹിതം നൽകൽ അടങ്കൽ- 320000/- ( പൊതു വിഭാഗം- സാധാരണ വിഹിതം) | (1) 108/20.10.22- 47348/- (2) 105/20.10.22 38066/- (3) 116/03.11.2022 234586/- | 320000/- | (1) ബ്ലോക്ക് പഞ്ചായത്തിന് തുക കൈമാറിയ രേഖകൾ (2) കൈപ്പറ്റു രശീതി (3) തുകയുടെ വിനിയോഗസാക്ഷ്യ പത്രം |
| 2 | Proj.No. 98/23- PMAY (ജനറൽ) പദ്ധതിക്ക് പഞ്ചായത്ത് വിഹിതം നൽകൽ\അടങ്കൽ- 280000/- ( പൊതു വിഭാഗം- സാധാരണ വിഹിതം) | (1) 71/01.09.2022 140000/- (2) 107/20.10.22 20000/- (3) 161/20.12.22 70000/- (4) 112/31.03.23 50000/- | 280000/- | (1) അംഗീകൃത പ്രൊജക്റ്റ് ((2) ബ്ലോക്ക് പഞ്ചായത്തിന് തുക കൈമാറിയ രേഖകൾ (3) കൈപ്പറ്റു രശീതി (4) തുകയുടെ വിനിയോഗസാക്ഷ്യ പത്രം |

മേൽ പറഞ്ഞ രേഖകൾ ലഭ്യമാക്കാനാവശ്യപ്പെട്ട് കൊണ്ട് നൽകിയ 11.12.23 -ലെ 10ാം നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടി നൽകിയില്ല. രേഖകൾ ഹാജരാക്കുന്നത് വരെ ഈയിനത്തിൽ ചെലവഴിച്ച 600000രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-29 പൊതു ടാപ്പുകളുടെ വെള്ളക്കരം-ഉപയോഗശൂന്യമായ പൊതുടാപ്പുകൾ നീക്കം ചെയ്യാനുള്ള നടപടി ത്വരിതപ്പെടുത്തണം

2022-23 ലെ വാർഷിക ധനകാര്യ പത്രിക പ്രകാരം മാറഞ്ചേരി ഗ്രാമ പഞ്ചായത്ത് പൊതു ടാപ്പുകളുടെ വെള്ളക്കരമിനത്തിൽ 1,130,453.00 രൂപ കേരള ജല അതോറിറ്റിക്ക് നൽകിയിട്ടുണ്ട്. ജല അതോറിറ്റി പഞ്ചായത്തിന് നൽകുന്ന ഡിമാന്റ് നോട്ടീസനുസരിച്ച് തുക ഒടുക്കുകയാണ് ചെയ്തു വരുന്നത്.

പഞ്ചായത്തിൽ ആകെ 195 ടാപ്പുകളുണ്ടെന്നും പകുതിയിലധികവും നിലവിൽ പ്രവർത്തനക്ഷമമല്ലെന്നും പ്രവർത്തന രഹിതമായ വാട്ടർ ടാപ്പുകളുടെ വെള്ളക്കരമിനത്തിൽ വൻതുകയൊടുക്കുന്നത് ഖേദകരമാണെന്നും,സംയുക്ത പരിശോധനക്കായി നിരവധി തവണ കത്തു നൽകിയിരുന്നെങ്കിലും KWA യിൽ നിന്നും യാതൊരു മറുപടിയും ലഭിക്കാത്ത സാഹചര്യത്തിൽ ഓരോ ജന പ്രതിനിധിയും അവരുടെ വാർഡുകളിലെ ടാപ്പുകളുടെ എണ്ണം ശേഖരിച്ച് അവയിൽ എത്രയെണ്ണം പ്രവർത്തനക്ഷമമല്ല എന്ന് അറിയിക്കണമെന്ന് പഞ്ചായത്ത് ഭരണ സമിതി 09.05.2022 ലെ 5(1) നമ്പറായി തീരുമാനമെടുത്തതായി കാണുന്നു. ഇത് സംബന്ധിച്ച് നിലവിലെ അവസ്ഥ ആരാഞ്ഞുകൊണ്ട് നൽകിയ 13.12.23 ന് 15-ാം നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടി സമർപ്പിച്ചില്ല.

ടി തീരുമാനം നടപ്പിലാക്കുകയും KWA യുമായി ചേർന്ന് സംയുക്ത പരിശോധന നടത്തുകയും ചെയ്തിട്ടുണ്ടെങ്കിൽ പ്രസ്തുത റിപ്പോർട്ട് പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്. അല്ലാത്ത പക്ഷം ഇതിന്റെ നിലവിലെ സ്ഥിതി - വിശദാംശങ്ങൾ

ഓഡിറ്റിന് ലഭ്യമാക്കുകയും ഉപയോഗ ശൂന്യമായ പൊതുടാപ്പുകൾ നീക്കം ചെയ്യുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തുകയും ചെയ്യേണ്ടതാണ്.

## 1-30 സെക്രട്ടറി നിർവഹണം നടത്തിയ എസ്.എസ്.കെ വിഹിതം-സർക്കാർ നിർദേശം പാലിച്ചില്ല

സെക്രട്ടറി നിർവഹണം നടത്തിയ എസ്.എസ്.കെ വിഹിതം അടവാക്കൽ എന്ന പ്രൊജക്ട് പ്രകാരം ₹ 5,00,000 State Project Officer SSK ക്ക് നൽകിയിട്ടുണ്ട്.

വിശദ വിവരം താഴെ നൽകുന്നു.

| പ്രൊജക്ട് | ചെലവ് | കുറിപ്പ് |
|---|---|---|
| എസ്.എസ്.എ വിഹിതം അടവാക്കൽ വികസന ഫണ്ട് (ജനറൽ) 61/23 | 5,00,000 | BRN. 22150452001000520031/03.09.22- |

എസ്.എസ്.കെ പ്രൊജക്ട് നടപ്പിലാക്കുന്നത് എങ്ങനെയായിരിക്കണം എന്ന് പദ്ധതി ആസൂത്രണ മാർഗ്ഗരേഖയിൽ ( GO(MS) 84/2022/LSGD Dt 19.04.2022 ) വ്യക്തമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. പ്രസക്തമായവ താഴെ നൽകുന്ന

1. എസ്.എസ്.കെ. (സമഗ്ര ശിക്ഷ കേരളം) പ്രോജക്ടിന്റെ കർമ്മ പരിപാടി തയ്യാറാക്കുന്നതും നടപ്പിലാക്കുന്നതും തദ്ദേശഭരണ സ്ഥാപനത്തിന്റെ പൂർണ്ണ പങ്കാളിത്ത ത്തോടെയായിരിക്കണം. പ്രോജക്ട് പൂർത്തീകരണത്തിന് ശേഷം സമഗ്ര ശിക്ഷ കേരളം വിശദാംശങ്ങൾ തദ്ദേശഭരണ സ്ഥാപനത്തിന് നൽകേണ്ടതാണ്. ( ഖ 8.6.3)
2. തദ്ദേശഭരണ സ്ഥാപനങ്ങൾ സമഗ്രശിക്ഷാ കേരളം പ്രോജക്ടിന് നൽകുന്ന തുകയുടെ വിനിയോഗം, ഓരോ സ്കൂളിലും നടത്തുന്ന പ്രവർത്തനങ്ങൾ / പരിപാടികൾ എന്താണ് എന്നീ വിവരങ്ങൾ അതത് തദ്ദേശഭരണ സ്ഥാപനങ്ങളെ എസ് എസ്.കെ. പ്രാജക്ട് ഓഫീസർ അറിയിക്കണം. എസ്.എസ്.കെ. വിഹിതവും തദ്ദേശഭരണ സ്ഥാപനങ്ങളുടെ വിഹിതവും ചേർത്ത് നടപ്പാക്കുന്ന വികസന പദ്ധതികളിൽ തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഭാരവാഹികളുടെ അടക്കമുള്ള പങ്കാളിത്തം എസ് എസ്.കെ. ഉറപ്പാക്കണം. തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഫണ്ടു ചെലവഴിക്കു മ്പോൾ അതിന്റെ വിനിയോഗ സർട്ടിഫിക്കറ്റ് (Ultation Certificate) സമഗ്രശിക്ഷാ കേരളത്തിൽ നിന്നു കൃത്യമായി നല്കണം. ( ഖ 8.6.4)

പ്രൊജക്ട് നടത്തിപ്പ് രേഖകൾ പരിശോധിച്ചതിൽ താഴെ പരാമർശിക്കുന്ന അപാകതകൾ കണ്ടെത്തി.

- പദ്ധതി വിഹിതം ഇനത്തിൽ ₹500,000 SSAക്ക് നൽകിയിട്ടുണ്ട്. പദ്ധതി തയ്യാറാക്കുന്നതിൽ പഞ്ചായത്തിന്റെ പങ്കാളിത്തം ഉറപ്പ് വരുത്തിയിട്ടില്ല.
- പൂർത്തീകരിച്ച പദ്ധതിയുടെ വിശദാംശങ്ങൾ പഞ്ചായത്തിന് നൽകിയിട്ടില്ല.
- ഓരോ സ്കൂളുകളിലും നടപ്പാക്കിയ പ്രവൃത്തനങ്ങൾ പഞ്ചായത്തിനെ അറിയിച്ചിട്ടില്ല
- വികസന പദ്ധതികളിൽ പഞ്ചായത്ത് ഭാരവാഹികളുടെ പങ്കാളിത്തം ഉറപ്പാക്കിയതിന്റെ രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.
- പ്രൊജക്ടിന്റെ വിശദമായ വിനിയോഗ സർട്ടിഫിക്കറ്റ് SSK നൽകിയിട്ടില്ല.
- ലഭ്യമാക്കിയ വിനിയോഗ സാക്ഷ്യപത്രം പ്രകാരം ഗേൾസ് & ബോയ്സ് ടോയ്ലറ്റ് ഉൾപ്പെടെ ആസ്തി നിർമ്മിച്ചതായും , 1128 പെൺകുട്ടികൾക്ക് സെൽഫ് ഡിഫൻസ് ട്രെയിനിംഗ് നൽകിയതായും ടെക്സ്റ്റ് ബുക്ക്- യൂണിഫോം വിതരണം, സ്കൂൾ ഗ്രാന്റ് വിതരണം, സാക്ഷരതാ പ്രവർത്തനങ്ങൾ, ലൈബ്രറി പ്രവർത്തനങ്ങൾ,കായിക വിദ്യാഭ്യാസം എന്നീ പ്രവർത്തനങ്ങൾ നിർവഹിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്. ഏതെല്ലാം സ്കൂളുകളിലാണ് മേൽ പദ്ധതികൾ നടത്തിയത് എന്ന് പഞ്ചായത്തിനെ അറിയിച്ചിട്ടില്ല.

പഞ്ചായത്തുകൾക്ക് കൈമാറിയിട്ടുള്ള പ്രൈമറി സ്കൂളുകളിൽ നടപ്പിലാക്കുന്ന പദ്ധതികളുടെ വിവരം സർക്കാർ നിർദ്ദശപ്രകാരം പഞ്ചായത്തിനെ അറിയിക്കേണ്ടതും സൃഷ്ടിക്കപ്പെടുന്ന ആസ്തികളുടെ വിവരം പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തുന്നുണ്ട് എന്ന് ഉറപ്പുവരുത്തേണ്ടതുമുണ്ട്. ഓഡിറ്റ് എൻക്വയറി നമ്പർ 04/08.12.23 ന് മറുപടിയായി സമർപ്പിച്ച വിനിയോഗ സാക്ഷ്യപത്രത്തിൽ മേൽ പറഞ്ഞ വിശദാംശങ്ങളൊന്നും തന്നെ രേഖപ്പെടുത്തിയിട്ടില്ല. പരാമർശത്തിൽ പറഞ്ഞ വിശദാംശങ്ങൾ ഉൾപ്പെടുത്തിയ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നത് വരെ ഈയിനത്തിൽ SSK ക്ക് കൈമാറിയ 5,00,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. SSK പ്രൊജക്ട് നടപ്പാക്കുമ്പോൾ സർക്കാർ നിർദ്ദേശം പൂർണ്ണമായി പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-31 അഗതി രഹിത കേരളം - ചെലവു രേഖകൾ പരിശോധനക്ക് ഹാജരാക്കിയില്ല

2022-23 സാമ്പത്തിക വർഷത്തിൽ അഗതി രഹിത കേരളം പ്രൊജക്ട് നിർവഹണത്തിന് വേണ്ടി സെക്രട്ടറി, വികസന ഫണ്ടിൽ നിന്നും 100000/-രൂപ BRN 221501452001000845483/20.10.22 പ്രകാരം പിൻവലിച്ചിട്ടുണ്ട്. ( പ്രൊജ.നമ്പർ 153/23) ഈ തുകയുടെ ചെലവു രേഖകൾ പരിശോധനക്ക് ഹാജരാക്കുന്നതിനു വേണ്ടി നൽകിയ 08.12.23 ലെ 6ാം നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടി ലഭിക്കുകയോ ചെലവു രേഖകൾ ഹാജരാക്കുകയോ ചെയ്തില്ല. ആയതിനാൽ ചെലവു രേഖകൾ ഹാജരാക്കുന്നത് വരെ ഈ തുകയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-32 തെളിനീരൊഴുകും നവ കേരളം - സബ്സിഡി മാർഗ്ഗരേഖയിലുൾപ്പെടാത്ത പ്രൊജക്ട് നടപ്പാക്കി.

2022-23 സാമ്പത്തിക വർഷത്തിൽ സ്പിൽ ഓവറായി സെക്രട്ടറി നടപ്പിലാക്കിയ തെളിനീരൊഴുകും നവ കേരളം- എന്ന പ്രൊജക്ട് സംബന്ധിച്ച വിശദാംശങ്ങള താഴെ കൊടുക്കുന്നു.
Project No. 135/23
അടങ്കൽ- 1300000
(619732 (ധനകാര്യക്കമ്മീഷൻ ഗ്രാന്റ് ), 500000/- കേന്ദ്രാവിഷ്കൃത ഫണ്ട്, 180268 ( തനത്ഫണ്ട്)
ചെലവ് 94050/- (ധനകാര്യക്കമ്മീഷൻ ഗ്രാന്റ്- വൗച്ചർ നമ്പർ 22201074 തീയ്യതി 31.03.23)
ഗ്രാമ പഞ്ചായത്തിലെ തോടുകളുടെ നവീകരണത്തിനും തർക്കമില്ലാത്ത വിധം കയ്യേറ്റങ്ങൾ ഒഴിപ്പിച്ച് തോടുകളെ വീണ്ടെടുത്ത് സുസ്ഥിര വികസനം സാധ്യമാക്കുന്നതിനും മാറഞ്ചേരിയിലെ തോടുകളുടെ സ്ട്രീം ഓഡിറ്റ് നടത്തുന്നതിനും നീളം, വീതി ആഴം എന്നിവ അളന്ന് തിട്ടപ്പെടുത്തിയ സാറ്റലൈറ്റ് ഹിസ്റ്ററി സർവേ ഉൾപ്പെടെ നടത്തി പഞ്ചായത്തിന്റെ വാട്ടർ അറ്റലസ് നിർമിക്കുക. ഫീൽഡ് സർവേ, പബ്ലിക് പാർട്ടിസിപ്പേറ്ററി സർവേ ഡാറ്റാ കളക്ഷൻ , സെമിനാർ, പബ്ലിസിറ്റി സ്'ട്രീം ഓഡിറ്റ് റിപ്പോർട്ട് തയ്യാറാക്കൽ, സാറ്റലൈറ്റ് സർവേ, ഡിജിറ്റൽ കെഡസ്ട്രൽ സർവേ, ഡ്രോൺ സർവേ, ഡിജിറ്റൽ ടോപ്പോഷീറ്റ് സർവേ, ഡിജിറ്റൽ ജിയോഗ്രഫിക് ഹിസ്ററി മാപ്പിംഗ് , ഡിജിറ്റൽ & PRA റിസോഴ്സ് മാപ്പിംഗ്, ഡാറ്റാ കൺസോൾഡേഷൻ,ഡാറ്റാ മാപ്പിംഗ് ഡിജിറ്റൽ ആന്റ് പ്രിന്റ് റിപ്പോർട്ട് തയ്യാറാക്കൽ, ഡിജിറ്റൽ & വാട്ടർ അറ്റലസ് തയ്യാറാക്കൽ എന്നീ പ്രവർത്തനങ്ങളാണ് പ്രൊജക്ടിന്റെ ലക്ഷ്യമെന്ന് പ്രൊജക്ടിൽ രേഖപ്പെടുത്തിയിട്ടുണ്ട്.
പ്രൊജക്'ടിന്റെ ഭാഗമായി താഴെ പറയുന്ന 7 പ്രവൃത്തികൾക്ക് വെവ്വേറെ ക്വട്ടേഷൻ ക്ഷണിക്കുകയും ലഭിച്ച ക്വട്ടേഷനുകളിൽ ഓരോന്നിനും ഏറ്റവും കുറഞ്ഞ തുക രേഖപ്പെടുത്തിയ ക്വട്ടേഷനുകൾ സ്വീകരിച്ച് മേൽ പറഞ്ഞ ഘടക പ്രവൃത്തികൾ നിർവഹിക്കുകയുമാണ് ചെയ്തിട്ടുള്ളത്.

| നിർവഹിച്ച പ്രവൃത്തി ഇനം | രേഖപ്പെടുത്തപ്പെട്ട ഏറ്റവും കുറഞ്ഞ തുക |
|---|---|
| (1) കൺസോളിഡേറ്റഡ് സ്ട്രീം മാപ്പിംഗ് | 98990/- ( ശ്രീ മുഹമ്മദ് ഹനീഫ) |
| (2) ജിയോഗ്രഫിക്കൽ ഹിസ്റ്ററി മാപ്പിംഗ് | 98800/- ( ശ്രീമതി ഉമ്മുക്കുൽസു AM) |
| (3) GPS ഡ്രോൺ സർവേ | 93100/- ( ശ്രീ ഷംസുദ്ദീൻ പി.പി.) |
| (4) ഡിജിറ്റൽ സർവേ | 96900/- ( ശ്രീമതി ഉമ്മുക്കുൽസു AM) |
| (5) ഫീൽഡ് സർവേ ആന്റ് ഡാറ്റാ കളക്ഷൻ | 94050/- ( ശ്രീ ജമാലുദ്ദീൻ കെ.പി.) |
| (6) പബ്ലിസിറ്റി ആന്റ് ഡോക്യുമെന്റേഷൻ | 95000/- ( ശ്രീ ഷുഹൈബ് NV) |
| (7) DTP പ്രിന്റിംഗ് | 92150/- ( ശ്രീ ഗിരീഷ് VC) |

മേൽ പറഞ്ഞ പ്രകാരം പ്രവൃത്തികൾ നിർവഹിക്കപ്പെടുകയും പ്രവൃത്തികളുടെ മാപ്പും ഡാറ്റയുടെ Pendrive ഉം ഫയലിൽ സൂക്ഷിക്കുകയും ചെയ്തിട്ടുണ്ട്. മേൽ പറഞ്ഞ പ്രവൃത്തികളിൽ ക്രമ നം.(5) ഫീൽഡ് സർവേ ആന്റ് ഡാറ്റാ കളക്ഷൻ നിർവഹിച്ചതിനുള്ള തുക 94050/- രൂപ ശ്രീ ജമാലുദ്ദീൻ കെ.പി. എന്നയാൾക്ക് മേൽ പറഞ്ഞ വൗച്ചർ പ്രകാരം നൽകിയിട്ടുണ്ട്. ബാക്കി തുക നൽകിയിട്ടില്ല.
പ്രൊജക്ട് അടങ്കൽ 5 ലക്ഷം രൂപയിൽ കൂടുതൽ ആയതിനാൽ E- Tender ചെയ്യേണ്ടതിനു പകരം വിവിധ ഘടകങ്ങളായിത്തിരിച്ച് ക്വട്ടേഷൻ നൽകിയ മുൻ സെക്രട്ടറിയുടെ നടപടി ക്രമാനുസൃതമല്ലാത്തതിനാലും പ്രൊജക്ട് മോണിറ്റർ ചെയ്യാനുള്ള സാങ്കേതിക പരിജ്ഞാനം ഇല്ലാത്തതിനാലും ബാക്കിയുള്ള തുക അനുവദിച്ചിട്ടില്ലെന്നും ബാക്കി തുക നൽകാനുള്ള അനുമതി നൽകണമെന്നും ആവശ്യപ്പെട്ടുകൊണ്ട് നിലവിലുള്ള പഞ്ചായത്ത് സെക്രട്ടറി തദ്ദേശ സ്വയം ഭരണ അഡീഷണൽ ചീഫ് സെക്രട്ടറിക്ക് ഒരു കത്ത് നൽകിയിട്ടുണ്ട്. (കത്ത് നം.400925/DPPE/02/GPO

/2023/5470/(2) തീ.28.10.23)

മേൽ പറഞ്ഞ പ്രൊജക്ട് നിർവഹണത്തിൽ താഴെ പറയുന്ന അപാകതകളുണ്ട്

(1) ഈ പ്രൊജക്ടിന്റെ ആവശ്യകത, ഉദ്ദേശ്യ ലക്ഷ്യങ്ങൾ, പ്രൊജക്ട്കൊണ്ടുള്ള ഭാവി പ്രയോജനങ്ങൾ എന്നിവ എന്തെന്ന് വ്യക്തമാക്കുന്ന ഒരു രേഖയും ഫയലിലില്ല.

(2) അത്യന്തം സങ്കീർണ്ണവും അത്യാന്താധുനിക ഡിജിറ്റൽ സംവിധാനങ്ങളും സാങ്കേതി പരിജ്ഞാനവും ഉപയോഗിച്ച് തയ്യാറാക്കപ്പെടേണ്ടതും ചെലവേറിയതുമായ ഈ പ്രൊജക്ടിനെക്കുറിച്ച് വിശദമായി പഠിച്ച് വിഷയ വിദഗ്ധർ തയ്യാറാക്കിയ ഒരു റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലല്ല പ്രൊജക്ട് നിർവഹിക്കപ്പെട്ടിട്ടുള്ളത്.

(3) സബ്സിഡി മാർഗ്ഗയിൽ പ്രത്യേകം പ്രതിപാദിച്ചിട്ടില്ലാത്ത ഈ പ്രൊജക്ട് നടപ്പാക്കുന്നതിന് സബ്സിഡി മാർഗ്ഗ രേഖ പ്രകാരം സർക്കാറിൽ നിന്നും മുൻകൂർ അനുമതി വാങ്ങേണ്ടതുണ്ട്. എന്നാൽ ഇത്തരത്തിൽ അനുമതി വാങ്ങാതെയാണ് പ്രൊജക്ട് നിർവഹിച്ചിരിക്കുന്നത് .

(4) പ്രൊജക്ട് നിർവഹണം, അതിന്റെ ഫലപ്രാപ്തി ഭാവിയിലെ സാധ്യതകൾ, പ്രയോജനങ്ങൾ എന്നിവ സംബന്ധിച്ച മോണിറ്ററിംഗ് റിപ്പോർട്ട് ഫയലിൽ സൂക്ഷിച്ചിട്ടില്ല.

പ്രൊജക്ടിന്റെ ആവശ്യകത , ഉദ്ദേശ്യ ലക്ഷ്യങ്ങൾ ഭാവിയിലെ പ്രൊജക്ടിന്റെ സാധ്യതകൾ, പ്രയോജനം , പ്രൊജക്ട് അംഗീകാരം ഉൾപ്പെടെ നിർവഹണവുമായി ബന്ധപ്പെട്ട നടപടി ക്രമങ്ങളിലെ അപാകതകൾ എന്നിവ സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് 15.12.23 ന് നൽകിയ 30ാം നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് പഞ്ചായത്ത് മറുപടി നൽകിയില്ല.

ആയതിനാൽ സബ്സിഡി മാർഗ്ഗ രേഖയിലുൾപ്പെടാത്ത പ്രൊജക്ട് നടപ്പാക്കിയതിന് സർക്കാർ സാധൂകരണം ലഭ്യമാക്കേണ്ടതാണ്. സാധൂകരണം ലഭ്യമാക്കുന്നത് വരെ ഇതിനു വേണ്ടി വിനിയോഗിച്ച 94050/ രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-33 അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിലുള്ള അക്കൗണ്ടിലെ നീക്കിയിരിപ് കണക്കിൽ ഉൾപെടുത്തിയില്ല.

ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനിയറുടെ പേരിൽ പൊന്നാനി എസ്.ബി.ഐ യിൽ ഉള്ള **67054278614** നമ്പർ അക്കൗണ്ടിൽ **07.12.2023** ന് ₹ **639882** രൂപ ചെലവഴിക്കാതെ അവശേഷിക്കുന്നതായി കാണുന്നു.ഈ അക്കൗണ്ടിലെ വരവ് ചെലവ് വിവരം അസിസ്റ്റന്റ് എഞ്ചിനിയറുടെ കാഷ്ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല. അക്കൗണ്ടുകളിലെ ഇടപാടുകൾ നിരീക്ഷിക്കുന്നതിന് മറ്റ് ഏതെങ്കിലും രജിസ്റ്ററുകളും സൂക്ഷിക്കുന്നില്ല. അതിനാൽത്തന്നെ അക്കൗണ്ടിൽ വരവ് വന്ന തുകകൾ അർഹരായവർക്ക് നൽകിയോ എന്നും ബാക്കി നിൽക്കുന്ന തുക ആർക്കെല്ലാം നൽകാനുള്ളതാണ് എന്നത് സംബന്ധിച്ചും ഏതൊക്കെ ഇനത്തിലുള്ള തുകകളാണ് അക്കൗണ്ടിൽ ഉള്ളത് എന്നത് സംബന്ധിച്ചും വ്യക്തമായ വിവരം ഇല്ല.

പ്രവൃത്തി ബില്ല് തയ്യാറാക്കി അസിസ്റ്റന്റ് എഞ്ചിനിയർ റിക്വസിഷൻ മുഖേന ആവശ്യപ്പെടുന്ന തുക മാത്രമാണ് എഞ്ചിനിയറുടെ ട്രഷറി അക്കൗണ്ടിലേക്ക് അനുവദിക്കുന്നത് എന്നതിനാൽ ഈ അക്കൗണ്ടിൽ പണം ചെലവഴിക്കാതെ അവശേഷിക്കാൻ പാടില്ല. അതുപോലെ ഇ ടെണ്ടർ ഫീ ഇനത്തിൽ ലഭിക്കുന്ന തുക മാത്രമാണ് ബാങ്ക് അക്കൗണ്ടിൽ വരവ് വരേണ്ടതുള്ളൂ. എന്നാൽ ഇ ടെണ്ടർ ഫീസ് ഇനത്തിൽ വരവ് വന്നതിനുള്ള രേഖകളൊന്നും ഓഡിറ്റിന് ഹാജരാക്കിയിട്ടുമില്ല. .അസിസ്റ്റന്റ് എഞ്ചിനിയർക്ക് ലഭിച്ച പണം യഥാസമയം അർഹരായവർക്ക്നൽകുന്നതിൽ അസിസ്റ്റന്റ് എഞ്ചിനിയർ വീഴ്ച വരുത്തിയിട്ടുണ്ട് എന്നാണ് അക്കൗണ്ടിൽ തുക ചെലവഴിക്കാതെ അവശേഷിക്കുന്നതിൽ നിന്ന് വ്യക്തമാകുന്നത്.

അസിസ്റ്റന്റ് എഞ്ചിനിയറുടെ പേരിലുള്ള അക്കൗണ്ടിൽ ചെലവഴിക്കാൻഅവശേഷിക്കുന്ന തുകയുടെ വിശദ വിവരം ലഭ്യമാക്കേണ്ടതും തുക അർഹരായവർക്ക്/ വകുപ്പുകൾക്ക് നൽകി വിവരം അറിയിക്കേണ്ടതുമാണ്. മറ്റ് വകുപ്പുകൾക്ക്/വ്യക്തികൾക്ക് നൽകേണ്ടതല്ലെങ്കിൽ കണക്കിൽ പെടാതെ അവശേഷിക്കുന്ന നീക്കിയിരുപ്പ് തുക പഞ്ചായത്ത് ഫണ്ടിൽ അടവാക്കി രസീത് ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി 7/8.12.2023 ക്ക് ഉചിതമായ നടപടി സ്വീകരിക്കും എന്ന് മറുപടി ലഭ്യമാക്കി.എന്നാൽ 2021-22 ഓഡിറ്റ് വേളയിലും ഇതേ വിശദീകരണം ലഭ്യമാക്കിയിട്ടുണ്ടെങ്കിലും അസിസ്റ്റന്റ് എഞ്ചിനീയർ നടപടി സ്വീകരിക്കുകയോ പണം പഞ്ചായത്ത് ഫണ്ടിൽ അടവാക്കുകയോ ചെയ്യാതെ കൈവശം വെക്കുന്നത് പൊതുപണത്തിന്റെ ദുരുപയോഗത്തിന് ഇടയാക്കാൻ സാധ്യതയുണ്ട് എന്നതിനാൽ ഇക്കാര്യത്തിൽ അടിയന്തിര നടപടി സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## 1-34 ഇ ടെണ്ടർ പ്രവൃത്തികളുടെ ടെണ്ടർ ഫീ വിവരം ലഭ്യമാക്കിയില്ല

അസിസ്റ്റന്റ് എഞ്ചിനിയർ ഇ ടെണ്ടർ മുഖേന ടെണ്ടർ ചെയ്ത പ്രവൃത്തികളുടെ ടെണ്ടർ ഫീ ഇനത്തിൽ എക്സിക്യൂട്ടിവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ നിന്നും നാളിതു വരെ ലഭിക്കാനുള്ളതും ലഭിച്ച തുകയുടെയും പഞ്ചായത്തിൽ ഒടുക്ക് വരുത്തിയതിന്റെയും രേഖകൾ പരിശോധനക്ക് ഹാജരാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി 8/8.12.2023 ന് ഈയൊരാവശ്യത്തിനായി ബാങ്ക് അക്കൗണ്ട് ലിങ്ക് ചെയ്തിട്ടുണ്ട് എന്ന മറുപടിയാണ് ലഭ്യമാക്കിയത്. ഇ-ടെണ്ടർ ഇനത്തിൽ ലഭ്യമാവേണ്ട തുകയുടെ വിവരമോ ലഭ്യമായതിന്റെ വിവരമോ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.ഇക്കാര്യത്തിൽ നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

### 1-35 അസിസ്റ്റന്റ് എഞ്ചിനീയറുടെ ക്യാഷ്ബുക്ക് സൂക്ഷിപ്പിൽ അപാകത

കേരള ട്രഷറി കോഡ് റൂൾ 92 പ്രകാരം എല്ലാ സർക്കാർ ഓഫീസുകളിലും TR7A മാതൃകയിലുള്ള കാഷ് ബുക്ക് എഴുതി സൂക്ഷിക്കേണ്ടതാണ് എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ട് വിനിയോഗം സംബന്ധിച്ച GO(P) 177/2006/Fin Dt 12.04.2006 നം ഉത്തരവിലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ എല്ലാ നിർവഹണോദ്യോഗസ്ഥരും നിശ്ചിത മാതൃകയിലുള്ള കാഷ്ബുക്ക് എഴുതി സൂക്ഷിക്കേണ്ടതാണ് എന്ന് വ്യക്തമായി നിർദ്ദേശിച്ചിട്ടുമുണ്ട്.

അസിസ്റ്റന്റ് എഞ്ചിനിയറുടെ ഓഫീസിന്റെ ചെലവ് രേഖകൾ പരിശോധിച്ചതിൽ TR7A കാഷ്ബുക്ക് എഴുതി സൂക്ഷിക്കുന്നില്ല എന്ന് വ്യക്തമായി.

ജി.ഒ.(പി) 319/2003/ഫിൻ തി. 12.06.2003 ഉത്തരവ് പ്രകാരമുള്ള Form No.2 സബ്സിഡിയറി കാഷ്ബുക്ക് ആണ് പരിശോധനക്ക് ഹാജരാക്കിയത്. കാഷ് ബുക്ക് പ്രകാരം പരിപാലിക്കുന്നതിൽ വീഴ്ച വന്നിട്ടുണ്ട്.

അപാകതകൾ താഴെ നൽകുന്നു.

1. കാഷ്ബുക്ക് പ്രതിദിന, പ്രതിമാസ ക്ലോസിംഗ് നടത്തിയിട്ടില്ല.

2. ചെലവുകൾ കൃത്യമായി ക്യാഷ്ബുക്കിൽ രേഖപ്പെടുത്തുന്നില്ല.

3.അസിസ്റ്റന്റ് എഞ്ചിനിയറുടെ പേരിലുള്ള ബാങ്ക്/ ട്രഷറി അക്കൗണ്ടുകളിലെ വരവ്, ചെലവ്, നീക്കിയിരുപ്പ് വിവരങ്ങൾ കാഷ്ബുക്കിൽ ചേർത്തിട്ടില്ല. അസി. എഞ്ചിനീയറുടെ പേരിലുള്ള 67054278614 നമ്പർ അക്കൗണ്ടിൽ 07.12.2023 ന് ₹ 639882 രൂപ ചെലവഴിക്കാതെ ബാലൻസ് ഉണ്ടെങ്കിലും ക്യാഷ് ബുക്ക് പ്രകാരം ക്യാഷ് ബാലൻസ് കാണിച്ചിട്ടില്ല. കാഷ്ബുക്കിലെ മേൽ പരാമർശിച്ച അപാകതകൾ പരിഹരിച്ച് കാഷ്ബുക്ക് എഴുതി പൂർത്തീകരിച്ച് പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി 9/8.12.2023 ക്ക് ന്യൂനതകൾ പരിഹരിക്കുന്നതാണ് എന്ന് മറുപടി ലഭ്യമാക്കി. അപാകതകൾ പരിഹരിച്ച് കാഷ്ബുക്ക് ഹാജരാക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 3-1 പട്ടിക ജാതി വിഭാഗത്തിൽ പെട്ട വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് വിതരണം- അർഹതയില്ലാത്ത ഗുണഭോക്താവിന് നൽകിയ തുക -25000 രൂപ നിരാകരിക്കുന്നു.

2022-23 സാമ്പത്തിക വർഷത്തിൽ പട്ടിക ജാതി വിഭാഗത്തിൽ പെട്ട വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് വിതരണം എന്ന പ്രൊജക്റ്റും അനുബന്ധ രേഖകളും പരിശോധിച്ചതിൽ 2021-2022 വർഷത്തിൽ കോഴ്സ് അവസാനിപ്പിച്ച ഒരു ഗുണഭോക്താവ് 2022-23 ൽ സ്കോളർ ഷിപ്പ് ഇനത്തിൽ 25000 രൂപ കൈപ്പറ്റിയതായി കാണുന്നു. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

**പ്രൊജക്ട് സംബന്ധിച്ച വിശദാംശങ്ങൾ**

| | |
|---|---|
| **പ്രൊജക്ട് നമ്പർ** | **68/2023** |
| പ്രൊജക്ടിന്റെ പേര് | പട്ടിക ജാതി വിഭാഗത്തിൽ പെട്ട കുട്ടികൾക്ക് ഉന്നത പഠനത്തിന് സ്കോളർഷിപ്പ് |
| അടങ്കൽ തുക, ഫണ്ടിനം | 665000/- വികസന ഫണ്ട് SCP |
| ചെലവ്<br>665000/- | **(1) 200000/-** (BRN-22150452030400855527/02.12.2022)<br>**(2) 195000/-** (BRN-22150452030400902619/13.12.2022)<br>**(3) 255000/-** (BRN-22150452030401378659/16.03.2022)<br>**(4) 15000/-** (BRN-22150452030401378685/16.03.2022) |
| നിർവഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |

അനർഹമായി തുക കൈപ്പറ്റിയ ഗുണഭോക്താവിനെ സംബന്ധിച്ച വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഗുണഭോക്താവിന്റെപേരും വിലാസവും | കോഴ്സ്, പഠിക്കുന്ന സ്ഥാപനം | കൈപ്പറ്റിയ തുക | യോഗ്യത സംബന്ധിച്ച അപാകത |
|---|---|---|---|
| അശ്വതി OS,<br>D/O ശ്രീനിവാസൻ OV,<br>ഒവ്വാട്ട് വീട്, പനമ്പാട് പുറങ്ങ് പി.ഒ | MBA<br>(2020-2022)<br>സ്കൂൾ ഓഫ് മാനേജ്മെന്റ് ആന്റ് ബിസിനസ്സ് സ്റ്റഡീസ് മഹാത്മാ ഗാന്ധി യൂണിവേഴ്സിറ്റി , കോട്ടയം | 25000/-<br>SIB A/C No.<br>0594053000010074 | സ്കൂൾ ഓഫ് മാനേജ്മെന്റ് ആന്റ് ബിസിനസ്സ് സ്റ്റഡീസ് മഹാത്മാ ഗാന്ധി യൂണിവേഴ്സിറ്റി , പ്രിൻസിപ്പൽ നൽകിയ 29.11.2022 തീയ്യതിയിലെ നമ്പർ രേഖപ്പെടുത്താത്ത സാക്ഷ്യപത്രം പ്രകാരം **ഗുണഭോക്താവ് പഠിച്ചിരുന്ന (MBA 2020-22) എന്ന ദ്വിവർഷ കോഴ്സ് 2021-22 വർഷത്തിൽ അവസാനിച്ചിട്ടുണ്ട്. ആയതിനാൽ 2022-23 വർഷത്തിൽ ടിയാൾക്ക് സ്കോളർഷിപ്പിന് അർഹതയില്ല.** ( അഡ്മിഷൻ നമ്പർ 22MBA 2018) |

ഇത് സംന്ധിച്ച് നൽകിയ 13.12.2023-ലെ 14ാം നമ്പർ ഓഡിറ്റ് അന്വേഷക്കുറിപ്പിന് 14.12.2023 ന് ലഭിച്ച മറുപടിയിൽ, ടി വിവരം ഗുണഭോക്താവിനെ അറിയിക്കുന്നതും അനർഹമായി തുക കൈപ്പറ്റിയിട്ടുണ്ടെങ്കിൽ തുക ഈടാക്കാനുള്ള നടപടി സ്വീകരിക്കുന്നതുമാണെന്ന് അസിസ്റ്റന്റ് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. ആയതിനാൽ അർഹതയില്ലാത്ത ഗുണഭോക്താവിന് നൽകിയ 25000 രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. തുക പ്രസ്തുത ഗുണഭോക്താവിൽ നിന്നോ അല്ലാത്ത പക്ഷം ചെലവിനുത്തരവാദിയായ അസിസ്റ്റന്റ് സെക്രട്ടറിയിൽ നിന്നോ ഈടാക്കി വികസന ഫണ്ടിലൊടുക്കണം.

## 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|

| | | |
|---|---|---|
| 2022-23 | 2022-23 വാർഷിക ഓഡിറ്റ് വേളയിൽ വാർഷികധനകാര്യ പത്രികയുടെ പരിശോധന നടത്തി | ഈ റിപ്പോർട്ടിന്റെ ഭാഗമാക്കി |

## 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക (₹) | പദ്ധതി നം, പേര് | ചെലവഴിച്ച തുക (₹) | നീക്കിയിരിപ്പ് (₹) |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 789081 | 128/23 – ലൈഫ് ഭവന പദ്ധതി എസ് സി | 789081 | 0 |
| | 500000 | 67/23 – ലൈഫ് ഭവന പദ്ധതി ജനറൽ | 500000 | 0 |
| | 400000 | 2/23 – ഭിന്നശേഷി സ്കോളർഷിപ്പ് | 400000 | 0 |
| | 200000 | 126/23 – ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 200000 | 0 |
| **ആകെ** | 1889081 | | 1889081 | |
| ജില്ലാ പഞ്ചായത്ത് | 645775 | 115/23 – സമഗ്ര നെൽകൃഷി വികസനം | 645775 | 0 |
| | 300000 | 2/23 – ഭിന്നശേഷി സ്കോളർഷിപ്പ് | 300000 | 0 |
| **ആകെ** | 945775 | | 945775 | |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനത്തിന് നിക്ഷേപ പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നല്കിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ,ചെക്ക് നമ്പർ, ബിൽ നമ്പർ | മുൻകൂർ നല്കിയ തുക | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| KSEB | SO 130/23 സ്ട്രീറ്റ് മെയിൻ വലിക്കൽ | (A) 1726214/-<br>BRN-22150452001000845486/<br>29.11.2022<br>(B) **2000000/-**<br>22150452001000845490/<br>29.11.2022<br>**(C) 245190/-** (ബിൽ നം.131/23 തിയതി 28.11.2022)<br>Dated. 28.11.2022<br>**(D) 95050/-** (ബിൽ നം.130/23 തിയതി | **4066454** | 0 | ലഭ്യമല്ല | **4066454** |

| | | | | | | |
|---|---|---|---|---|---|---|
| | | 28.11.2022)<br>**28.11.2022**<br>**ആകെ- 4066454/-** | | | | |
| | ഇലക്ട്രിക് പോസ്റ്റ് മാറ്റൽ | വൗച്ചർ നമ്പർ<br>22200856/22.02.23 | 93794/- | 10 | ലഭ്യമല്ല | 93794/- |
| | 142/23-ഇലക്ട്രിക് പോസ്റ്റ് മാറ്റൽ | 22200855/17.02.23<br>22200701/02.12.22 | 79217/-<br>35203/- | 0 | ലഭ്യമല്ല | 114420 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ / വായ്പാതിരിച്ചടവ്

| നം. | വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നം./തിയ്യതി | വായ്പ തുക (₹) | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാനുള്ള മുൻബാക്കി (₹) | തൻവർഷം അടച്ചത് (₹) | | വർഷാവസാന ബാക്കി (₹) |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| 1 | ലൈഫ് ലോൺ KURDFC | ലഭ്യമല്ല | 6817459 | 20715693 | 2963651 | | 24569501 |

## 4-6 സ്ഥിര നിക്ഷേപം

ഇല്ല.

## 4-7 ഓഡിറ്റ് റിക്കവറി

| വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ / തിയ്യതി |
|---|---|---|---|---|
| 2010-11 | 2-b | 940 | സെക്രട്ടറി | 1220200388/17.06.2022 |
| 2010-11 | 2-3 | 370 | സെക്രട്ടറി | 1220200389/17.06.2022 |
| Aa | 1-18,1-21 | 36465 | അസി. എഞ്ചിനീയർ | 1220200390/17.06.2022 |
| 2010-11 | 2-1b | 842 | സെക്രട്ടറി | 1220200391/17.06.2022 |
| 2013-14 | | 1000 | പരമേശ്വരൻ നമ്പൂതിരി | 1220300186/19.07.2022 |
| 2019-20 | 1-14 | 450 | കെ പി കുഞ്ഞിമോൻ | 1220300210/21.07.2022 |

| | | | | |
|---|---|---|---|---|
| | | | ഹാജി | |

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2014-15 | 2-1, 2-2, 2-3, 2-4 | 2016-17 | 2-1 | തൊഴിൽ നികുതി പിരിവിലെ അപാകതകൾ | തുടർനടപടി സ്വീകരിച്ചു വരുന്നു |
| 2015-16 | 2-5 | 2016-17 | 2-2 | വരുമാന സ്രോതസ്സുകൾ കണ്ടെത്തൽ- | തുടർനടപടി സ്വീകരിച്ചു വരുന്നു |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

**(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക**

**ഇല്ല.**

**(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക**

| ക്രമ നം | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദി യായ ഉദ്യോഗ സ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ് | സർചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാ ക്കിയ തുക (രസീത് നമ്പർ/ തീയതി) | റവന്യൂ റിക്കവറി നടപടി യിലൂടെ ഈടാ ക്കിയ തുക (തീയതി) | കോടതി വ്യവഹാ രങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേ ഷിക്കുന്ന തുക/ ബാധ്യത | റിമാർ ക്ക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയ തിയും | തുക | | | ഉൾപ്പെട്ട തുക | ഈടാ ക്കിയ തുക | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |
| 1 | 2001-02 | 11 | സി.കെ. ജനാർദ്ദനൻ നായർ | LF 2437/ Spl. Cell/ SC5/ 06<br>19.5.06 | 25000 | | | | | | 25000 | അടവാ ക്കിയില്ല |
| 2 | 1998-99 | 38,39 | പി.ബി. ജോഷ് കുമാർ | LF 23194/ Spl.cell/ SC5/04<br>28.7.06/ 13.12.06 | 7500 | | | | | | 7500 | അടവാ ക്കിയില്ല |
| 3 | 1997-98 | 47 | C.K. Janardhanan Nair Agri Officer | LF 23196/ Spl.cell/ SC5/04<br>17.05.06 | 4500 | | | | | | 4500 | അടവാ ക്കിയില്ല |

| | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| 4 | 1997-98 | 32<br>35<br>36 | P.P<br>Krishnan<br>Secreary | LF<br>23196/<br>Spl.cell/<br>SC5/04<br>27.10.05 | 22296 | | | | | | 22296 | അടവാക്കിയില്ല |
| 5 | 1997-98 | 50 | പി.ബി.<br>ജോഷ്<br>കുമാർ<br>Vet.<br>Surgeon | LF<br>23196/<br>Spl.cell/<br>SC5/04<br>17.05.06 | 9000 | | | | | | 9000 | അടവാക്കിയില്ല |

## 4-10 ഓഡിറ്റ് പ്രത്യവലോകനം

**(എ). സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (₹) | 178240665 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് (₹) | 173416052 |
| വരവിനങ്ങളിലുള്ള നഷ്ടം (₹) | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/<br>ഓഡിറ്റിൽ അംഗീകരിക്കാത്ത തുക (₹) | 25000 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക (₹) | 56,88,758 |

കുറിപ്പ് :- വാർഷിക കണക്ക് റസീപ്റ്റ് ആന്റ് പേയ്മെന്റ് പത്രികയിലെ വരവ് ചെലവ് തുകകളോടൊപ്പം, ഈ പത്രികയിൽ ഉൾപ്പെട്ടിട്ടില്ലാത്ത വിവിധ ഗ്രാന്റ് ഇനങ്ങളുടെ ട്രഷറി മുഖേനയുള്ള തുകകൾ, സേവന പെൻഷൻ ഇനങ്ങളിലെ തുകകൾ, തൊഴിലുറപ്പ് പദ്ധതിയുടെ EFMS തുക എന്നിവ കൂടി ഉൾപ്പെടുത്തിയാണ് വിവരം ചേർത്തിട്ടുള്ളത്.

**(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം.**

| ഖണ്ഡിക നമ്പർ | തുക (₹) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 25000 | ശ്രീ. സുധീർ ഡി ,അസിസ്റ്റന്റ് സെക്രട്ടറി |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക (₹) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-25 | 35040 | ഡോ. രാജലക്ഷ്മി, മെഡിക്കൽ ഓഫീസർ (FHC) |
| 1-26 | 4274668 | ശ്രീ. അനിൽ കുമാർ എം പി, സെക്രട്ടറി |
| 1-27 (1,2,3,5,6,7,8) | 85000 | ശ്രീ. സുധീർ ഡി ,അസിസ്റ്റന്റ് സെക്രട്ടറി |
| 1-28 | 600000 | ശ്രീ. അനിൽ കുമാർ എം പി, സെക്രട്ടറി |
| 1-30 | 500000 | ശ്രീ. അനിൽ കുമാർ എം പി, സെക്രട്ടറി |
| 1-31 | 100000 | ശ്രീ. അനിൽ കുമാർ എം പി, സെക്രട്ടറി |
| 1-32 | 94050 | ശ്രീ. അനിൽ കുമാർ എം പി, സെക്രട്ടറി |
| ആകെ | 56,88,758 | |

**(സി). കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഇല്ല.

**(ഡി). നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ.**

ഇല്ല.

**(ഇ). റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും.**

| ഖണ്ഡിക നമ്പർ | തുക (₹) | പേരും ഉദ്യോഗപ്പേരും | സ്ഥിരം മേൽവിലാസം |
|---|---|---|---|
| 3-1 | 25000 | ശ്രീ. സുധീർ ഡി, അസിസ്റ്റന്റ് സെക്രട്ടറി, വെള്ളറട ഗ്രാമപഞ്ചായത്ത് | 'അവിട്ടം', കുട്ടമല (പി.ഒ), അമ്പൂരി, തിരുവനന്തപുരം-695505 |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1979-80 | കെ.എസ്.എ.എം.പി.എം 28/588/2018 തി: 5-05-2018 | 1 |
| 1987-88<br>1988-89 | കെ.എസ്.എ.എം.പി.എം 28/588/2018 തി: 5-05-2018 | 1 |
| 1992-93<br>1993-94 | എൽ. എഫ്. എം.8/281/95 തിയ്യതി 01-06-95 | 8 |
| 1994-95<br>1995-96 | എൽ. എഫ്. എം.14/957/98 തിയ്യതി 04-11-98 | 3 |
| 1996-97 | എൽ. എഫ്. എം.14/1472/01 തിയ്യതി 26-11-02 | 10 |
| 1997-98 | എൽ. എഫ്. എം.14/1470/01 തിയ്യതി 28-11-02 | 25 |
| 1998-99 | എൽ. എഫ്. എം.14/405/02 തിയ്യതി 10-01-03 | 9 |
| 1999-00 | എൽ. എഫ്. എം.14/682/03 തിയ്യതി 18-11-03 | 8 |
| 2000-01 | എൽ. എഫ്. എം.14/683/03 തിയ്യതി 30-09-03 | 4 |
| 2001-02 | എൽ. എഫ്. എം.9/1182/03 തിയ്യതി 23-03-04 | 8 |
| 2002-03 | എൽ. എഫ്. എം.9/1568/05 തിയ്യതി 07-02-06 | 22 |
| 2003-04 | എൽ. എഫ്. എം.15/270/09 തിയ്യതി 09-06-09 | 17 |
| 2004-05 | എൽ. എഫ്. എം.15/271/09 തിയ്യതി09-06-09 | 10 |
| 2005-06 | എൽ. എഫ്. എം.15/576/10 തിയ്യതി19-08-10 | 5 |
| 2006-07 | എൽ. എഫ്. എം.15/577/10 തിയ്യതി 25-01-11 | 8 |
| 2007-08 | എൽ. എഫ്. എം.14/94/12 തിയ്യതി 21-02-12 | 19 |
| 2008-09 | എൽ. എഫ്. എം.14/95/12 തിയ്യതി 13-02-2012 | 24 |
| 2009-10 | എൽ. എഫ്. എം.14/2625/11 തിയ്യതി 08-02-2012 | 38 |
| 2010-11 | കെ.എസ്.എ.എം.പി.എം.24/1701/22(1) തിയ്യതി 01-10-2022 | 7 |
| 2011-12<br>2012-13 | കെ.എസ്.എ.എം.പി.എം 24/1701/2022(2) തിയ്യതി 01.10.2022 | 15 |

| | | |
|---|---|---|
| 2013-14<br>2014-15 | കെ.എസ്.എ.എം.പി.എം 28/2101/2016 തിയ്യതി 20.05.2017 | 24 |
| 2015-16 | കെ.എസ്.എ.എം.പി.എം14/1701/2022(8) തിയ്യതി 01.10.22 | 10 |
| 2016-17 | കെ.എസ്.എ.എം.പി.എം 28/1622/2017 തി: 05-07-18 | 19 |
| 2017-18 | നം കെഎസ്.എ.എം.പി.എം.24/1236/23 തിയ്യതി: 04.05.2023 | 8 |
| 2018-19 | നം കെഎസ്.എ.എം.പി.എം.24/1701/22(4) തിയ്യതി: 01.10.22 | 9 |
| 2019-20 | കെഎസ്.എ.എം.പി.എം.24/658/22തിയ്യതി: 15.6.2023 | 10 |
| 2020-21 | കെഎസ്.എ.എം.പി.എം.24/659/22തിയ്യതി: 24.6.2023 | 16 |
| 2021-22 | കെഎസ്.എ.എം.പി.എം.24/132/2023 തിയ്യതി: 12.7.2023 | 14 |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
മലപ്പുറം

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 2(1) dated 29-07-2023 and submitted on 29-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03- 2023 , with supporting forms, of the Maranchery Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Maranchery Grama Panchayat for the year 2022-2023

**Date: 26/12/2023**

**Deputy Director**
**District Office Malappuram**
**Kerala State Audit Department**

# Audit Report appended to the Audit Certificate of Maranchery Grama Panchayat for the Year 2022-2023 .

**1.Major Observations**

NIL

**2.Other Observations**

1.The following mandatory financial statements prescribed in accounting rules of Kerala Panchayath Raj (Accounts), 2011 are not submitted for audit.

a.Ratios

b.Notes on accounts

c. Comparative amounts of previous year.

2.Cashflow statement - Net increase in cashflow does not match with the difference between the opening balance and closing balance of cash and cash equivalents.

3. Lapses in making timely and accurate demand entries in respect of tax and non tax revenue.

4. As per the Reconciliation Statement of Federal Bank - E payment (A/C N0:17060200000805) holding own funds, the cheque issued by the
institution more than 3 months old are not transferred to the Stale Cheque Account.
5. Rs. 19298/- directly debited by bank on 29.04.2022 in the reconciliation statement of Federal Bank - E payment (A/C N0:17060200000805)
has not been adjusted till date.
6. As per Reconciliation Statement of Maranchery Service co operative Bank (A/C N0:4080) , Rs.58316/- as on 31.03.2012 and As per Reconciliation Statement of Sub treasury Ponnani (A/C N0:799013000000366), Rs.27500/- as on 24.09.2022 are seen in Cheque Deposited But Not Cleared item.
7.As the partial maintenance of Advance register and Deposit Register are not reliable for audit. The abstract was not recorded in Profession tax Register and Licence Register are not reliable for audit.
8. The amount left to spend in the beneficiary's contribution does not match the AFS.

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

മലപ്പുറം ജില്ലയിലെ മാറഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്